# NEW HIGHER SECONDARY SCHOOL

Nellimoodu, Thiruvananthapuram

# 2023 - 2024

Ph: 0471 - 2263838



## കവർ ലേ-ഔട്ട് - ലിറ്റിൽകൈറ്റ്സ്

## ഡി റ്റി പി - യൂണിറ്റംഗങ്ങൾ (ലിറ്റിൽ കൈറ്റ്സ് )

## പ്രസ്സ് -ശാരദ ഓഫ് സൈറ്റ്

### ഉപദേശം

ശ്രീ . ഉണ്ണികൃഷ്ണൻ. (മലയാളം)

ശ്രീമതി . മഞ്ജു. (മലയാളം)

ശ്രീ .ബൈജു കുറുച്ചി. (മലയാളം)

ശ്രീമതി .ശ്രീകല. എൻ എസ്(ഹെഡ് മിസ്ട്രസ്സ്)

ശ്രീമതി .പ്രീയലത. (ഇംഗ്ലീഷ് )

ശ്രീമതി.അനുജ. (ലൈബ്രേറിയൻ)

ശ്രീമതി .ബിന്ദു. (മലയാളം)

ശ്രീമതി .സന്ധ്യ. (മലയാളം)

ശ്രീമതി .സിന്ധു പി . എസ് . (മലയാളം)

ശ്രീ .വിനോദ് വി. (സയൻസ് )

ശ്രീ .ഷെറിൻ ലാൽ (ഹിന്ദി)

ശ്രീ .ജോൺ ബ്രൈറ്റ് (മലയാളം)

ശ്രീമതി .ഇന്ദുകല (ഹിന്ദി)

ശ്രീമതി .ശാലിനി (ഹിന്ദി)

സമർപ്പണം

ശ്രീ. പ്രകാശ് റോബർട്ട് (കൈറ്റ് മാസ്റ്റർ)

ശ്രീമതി. വിമല ജി. എസ് .(കൈറ്റ് മിസ്ട്രസ്സ്)

## മാനേജ്മെൻറ് കമ്മിറ്റി അംഗങ്ങൾ



ശ്രീ. ഡി. വിജയകുമാർ



ശ്രീ. ജ്യോതിദാസ്



അഡ്വ. ആർ. വസന്തമോഹൻ



ശ്രീ.ബി. കെ. ജയകുമാർ

# അക്ഷരാലയത്തിൻ ദീപശിഖകൾ









## നേതൃത്വനിരയിൽ.......കർമ്മനിരതരായ്


രതീഷ് കുമാർ


ബിജോയ് രാജു


വിനോദ് വി വി


പ്രകാശ് റോബർട്ട്


രാജ് മെർവിൻ


വിനോദ് വി


പ്രമോദ് കുമാർ


വിൽഫ്രഡ് ഡി


ഷെറിൻ ലാൽ


ആശ കെ


ഷൈൻലാ റാണി


അനു പി വി


ഷീബാ വിക്ടർ


അഞ്ജു ജെ എസ്


മജുല റ്റി


വിമല ജി എസ്


മഞ്ജു എസ്


പ്രിയലത


റാണി എം ആർ


ഷൈലജ കെ


ഒ എൻ ജോയ്


ലാൽ ജി സൈമൺ


സജി എം എസ്


ഡിജിൻ ജെ


ഗ്രേസിൻ സി ഗിൽബർട്ട്

**ദീർഘവീക്ഷണത്തോടെ....പ്രവർത്തനവീഥിയിലൂടെ......**

# 2023-2024

# P T A എക്സിക്യൂട്ടീവ് കമ്മിറ്റി



ഷാജി എസ് എസ്
പി റ്റി എ പ്രസിഡൻറ്



അനിൽകുമാർ എസ് കെ
പ്രിൻസിപ്പൽ



ശ്രീകല എൻ എസ്
ഹെഡ്മിസ്ട്രസ്



ശാലിനിറാണി
ഡപ്യൂട്ടി എച്ച് എം



സജി എം എസ്
പി റ്റി എ അംഗം



ബിജോയ് രാജു
സ്റ്റാഫ് സെക്രട്ടറി



റാണി എം ആർ
പി റ്റി എ അംഗം



ഷീബാ വിക്ടർ
പി റ്റി എ അംഗം



സുനിത
എം പി റ്റി എ



ആശാ കെ ജോൺസൺ
പി റ്റി എ അംഗം

## മുൻ പി . റ്റി . എ പ്രസിഡൻറ്റുമാർ



ഗിരീഷ് പരുത്തിമഠം



ബ്രൈറ്റ്സിങ്ങ് റ്റി. എൽ



ബി വിശ്വംഭരൻ



എം. പൊന്നയ്യൻ

## 2023 – 2024 ഒറ്റനോട്ടത്തിൽ

* 2023 മാർച്ച് എസ്. എസ്. എൽ. സി പരീക്ഷയിൽ 63 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചു.

* 7-ാം std മുതൽ 10 - ാം std വരെയുള്ള മുഴുവൻ ക്ലാസ്സുകളിലും ഹൈടെക്ക് സംവിധാനം.

* കേരള സ്കൂൾ കലോത്സവത്തിൽ ബാലരാമപുരം സബ്ജില്ലയിൽ തുടർച്ചയായി 18-ാം വർഷവും കലാകിരീടം.

* റവന്യൂ - സംസ്ഥാന കലോത്സവങ്ങളിൽ മികച്ച പ്രകടനം, അസൂയാവഹമായ നേട്ടം.

* സബ് ജില്ലയിൽ ശാസ്ത്രമേളയ്ക്ക് എച്ച്. എസ്. വിഭാഗത്തിൽ ഓവറോൾ രണ്ടാം സ്ഥാനം, ജില്ലയിൽ മികച്ച സ്കൂൾ.

* ഗണിത വിഭാഗത്തിൽ സബ് ജില്ലാതലത്തിൽ ഓവറോൾ രണ്ടാം സ്ഥാനം.

* സോഷ്യൽ സയൻസ് വിഭാഗത്തിൽ സബ് ജില്ലാതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം, ജില്ലാതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം, സംസ്ഥാനമേളകളിൽ മികച്ച നേട്ടം.

* ബാലരാമപുരം സബ് ജില്ലയിൽ ഐ. റ്റി. വിഭാഗത്തിൽ മികച്ച നേട്ടം.

* വർക്ക് എക്സ്പീരിയൻസ് വിഭാഗത്തിൽ സബ് ജില്ലയിൽ എച്ച്. എസ് വിഭാഗത്തിൽ ഓവറോൾ ഒന്നാം സ്ഥാനം. ജില്ലാതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം , സംസ്ഥാനതലത്തിൽ മികച്ച വിജയം.

* ഇരുപതിനായിരത്തിൽ പരം പുസ്തകങ്ങളും പതിനായിരത്തോളം റഫറൻസ് പുസ്തകങ്ങളും നാൽപ്പതിൽ പരം ആനുകാലിക ജേണലുകളും പ്രൊജക്ടർ സംവിധാനവുമുള്ള ലൈബ്രറി.

* എല്ലാ ദിവസവും ഗുണമേന്മയുള്ളതും ശുചിത്വപൂർണ്ണവുമായ ഉച്ചഭക്ഷണം.

* എല്ലാ ക്ലാസിലും എല്ലാ ദിവസവും ഓരോ ഇംഗ്ലീഷ് ദിനപത്രവും ക്ലാസ് ലൈബ്രറി സംവിധാനവും.

* നിലവാരം കുറഞ്ഞ എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് നൈറ്റ് ക്ലാസ്.

* എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് A+ഗ്രേഡിന് റിവിഷൻ ടെസ്റ്റ് സീരീസ് പരീക്ഷകൾ.

* എച്ച്. എസ്. യു. പി. ക്ലാസ്സ് വിദ്യാർത്ഥികളുടെ പഠനമികവിനായി ചോദ്യപേപ്പർ ഉപയോഗിച്ചുള്ള പാദ, അർദ്ധ, വാർഷിക പരീക്ഷാ സംവിധാനം, ക്ലാസ്സ് ടെസ്റ്റ് സംവിധാനം, മാർക്കും ഗ്രേഡും ഡയറിയിലും രജിസ്റ്ററിലും രേഖപ്പെടുത്തൽ.

* ഓരോ ദിവസവും ഓരോ ക്ലാസ്സിൻെറ നേതൃത്വത്തിൽ അസംബ്ളി.

* കൃത്യതയോടെ സർവ്വീസ് നടത്തുന്ന സ്കൂൾ ബസ്സ് സംവിധാനം.

* പ്രൊജക്ടർ സംവിധാനത്തോടു കൂടിയ സയൻസ്, മാത്സ്, സോഷ്യൽ സയൻസ്, ലാംഗേജ്, ഐ. ടി ലാബുകൾ.

* വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിന് ആവശ്യമായ കൗൺസലിംഗ്, ഹെൽപ്പ് ഡെസ്ക് സംവിധാനം.

* വിവിധ ക്ലബ് പ്രവർത്തനങ്ങൾ.

* എൻ. സി. സി, ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ്ക്രോസ് , സ്കൗട്ട്സ് & ഗൈഡ്സ് തുടങ്ങിയ യൂണിറ്റുകളുടെ മികച്ച പ്രവർത്തനം, സ്കൂൾ ഹെൽത്ത് കോർണർ സംവിധാനം.

* അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകം കമ്പ്യൂട്ടർ പഠന സംവിധാനം.

* ഭാഷാ വിഷയങ്ങളുടെ അടിസ്ഥാനം ഊട്ടിയുറപ്പിക്കുന്നതിനൊപ്പം അടിസ്ഥാന ഗണിതവും തറവാക്കുന്ന H M ൻെറ നേതൃത്വത്തിലുള്ള ലാഡർ, മലയാളത്തിളക്കം, സൂപ്പർ ഇംഗ്ലീഷ്, സുരീരീ ഹിന്ദി, സുഗമ ഹിന്ദി, ചലഞ്ചേഴ്സ് പദ്ധതികൾ.

* CWSN വിഭാഗം വിദ്യാർത്ഥികൾക്കായി പ്രത്യേകം ക്ലാസ്സ് സംവിധാനങ്ങൾ.

*U S S, N M M S, Sanskrit സ്കോളർഷിപ്പ് വിഭാഗം വിദ്യാർത്ഥികൾക്കായി പ്രത്യേകം പഠന ക്ലാസ്സുകൾ

## ക്ലാസ്സ് പ്രതിഭകൾ.



നിയ എസ് എസ്

**5 B**



ആനി എസ് ലാൽ

**6B**



ജിനു ബാബു

**7A**



അപർണ്ണ എ എസ്

**8A**



ആകാശ് എസ് കുമാർ

**9A**



അജിത്ത് എ എൽ

**10G**

## വിജ്ഞാന നക്ഷത്രങ്ങൾ



വൈശാഖ് എം എസ്

**N M M S**



മനോജ്

**N M M S**



ഫെവിൻ ദാസ്

**N M M S**

രാജേഷ് ലാൽ

**U S S**





സച്ചിദാനന്ദ്

**U S S**

## സേവനപാതയിലൂടെ.....








## ജൂനിയർ റെഡ്ക്രോസ്




ജില്ലാ മെഡിക്കൽ ഓഫീസ് തിരുവനന്തപുരം
CHC VENPAKAL
Dental Camp Conducted at
New Higher Secondary School.
Nellimoodu. On 29-11-23





# ലിറ്റിൽ കൈറ്റ്സ്







# സ്കൗട്ട്സ് & ഗൈഡ്സ്







# അഭിമാന താരകങ്ങൾ


ചെസ് ചാമ്പ്യൻ


വർക്ക് എക്സ്പീരിയൻസ്


ബോക്സിങ്


ന്യൂ മാത്സ് എച്ച് എസ്


വർക്ക് എക്സ്പീരിയൻസ്




രാജ്യപുരസ്കാർ ജേതാക്കൾ



ജൂനിയർ ക്രിക്കറ്റർ

## സയൻസ് ഫെയർ


ESTUARIES IN KERALA
STILL MODEL
BLUE ENERGY
SC116HS 3
PRESSURE RETARDED OSMOSIS
ADVANTAGES
RIVER WATER TANK
PRESSURE CHAMBER
GENERATOR
TURBINE

## ആഘോഷങ്ങളും ദിനാചരണങ്ങളും










## പത്രത്താളുകളിലൂടെ



ഡ്ജ് നിർമിക്കുന്ന കടക്കൽ ജി.എച്ച്.എസ്.എസിലെ മുഹമ്മദ് അമീർ

നെല്ലിമൂട് ന്യൂ എച്ച്.എസ്.എസിലെ ജെ.എസ്. നീരജ് നിർമിച്ച കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഉപകരണം




ജില്ലാ ശാസ്ത്രമേളയുടെ ഭാഗമായി നടത്തിയ പാവ നിർമാണ മത്സരത്തിൽ നെല്ലിമൂട് ന്യൂ ഹയർ സെക്കൻഡറി സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർഥി ആർ.പി.കൃഷ്ണവേണി നിർമിച്ച പാവ. ഇസ്രയേൽ-ഗാസ യുദ്ധത്തെത്തുടർന്ന് പരുക്കേറ്റ കുഞ്ഞിനെയുമായി ഗാസയിലെ അമ്മമാർ നിൽക്കുന്ന പാവയാണ് കൃഷ്ണവേണി നിർമിച്ചത്. നെയ്യാറ്റിൻകര ശ്രീശൈലം വീട്ടിൽ രാജ്കുമാറിന്റെയും പ്രിജിയുടെയും മകളായ കൃഷ്ണവേണിക്ക് കേൾവി ശക്തിയില്ല. സംസാരിക്കാനും ബുദ്ധിമുട്ടുകളുണ്ട്.
ഗാസയിലെ യുദ്ധത്തെപ്പറ്റി വായിച്ച് അറിഞ്ഞാണ് വ്യത്യസ്തമായ പാവ നിർമാണത്തിലേക്ക് കൃഷ്ണവേണി കടന്നത്.

### ബാലരാമപുരം ഉപജില്ലാ കലോത്സവം

# നെല്ലിമൂട് ന്യൂ എച്ച്.എസ്.എസിന് ഓവറോൾ കിരീടം



ബാലരാമപുരം വിദ്യാഭ്യാസ ഉപജില്ലാ കലോത്സവത്തിൽ ഓവറോൾ കിരീടം നേടിയ നെല്ലിമൂട് ന്യൂ എച്ച്.എസ്.എസിന് എ.ഇ.ഒ. ഗാരിസൺ പ്രദീപം ട്രോഫി സമ്മാനിക്കുന്നു

നെയ്യാറ്റിൻകര ► ബാലരാമപുരം വിദ്യാഭ്യാസ ഉപജില്ലാ കലോത്സവത്തിൽ യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി നെല്ലിമൂട് ന്യൂ ഹയർ സെക്കൻഡറി സ്കൂളം ഓവറോൾ കിരീടം കരസ്ഥമാക്കി. സംസ്കൃതോത്സവം എച്ച്.എസ്., അറബിക് കലോത്സവം യു.പി. വിഭാഗത്തിലും നെല്ലിമൂട് ന്യൂ എച്ച്. ട്രോഫികളിലെത്തി. യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ നെല്ലിമൂട് സെയിന്റ് ക്രിസോസ്റ്റംസ് രണ്ടാം സ്ഥാനം സ്വന്തമാക്കി. വെങ്ങാനൂർ വി.പി.എസ്. മലങ്കര ഹയർ സെക്കൻഡറി സ്കൂളം യു.പി. വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടി. എച്ച്.എസ്. വിഭാഗത്തിൽ വെങ്ങാനൂർ ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളും എച്ച്.എസ്. മരുതൂർക്കോണം പി.ടി.എം. വി.എച്ച്.എസ്.എസിനാണ് രണ്ടാം സ്ഥാനം. അറബിക് കലോത്സവം എൽ.പി. വിഭാഗത്തിൽ വിഴിഞ്ഞം ഗവ. എച്ച്.എ.എൽ.പി.എസ്., മുട്ടയ്ക്കാട് എൽ.എം.എസ്. എൽ.പി.എസ്., ബാലരാമപുരം സെയിന്റ് ജോസഫ്സ് എൽ.പി.എസ്. എന്നീ വിദ്യാലയങ്ങൾ ഒന്നാം സ്ഥാനം പങ്കുവച്ചു. യു.പി. വിഭാഗത്തിൽ വെങ്ങാ

# വാർഷിക റിപ്പോർട്ട് 2023-2024

**ന്യൂ ഹയർസെക്കൻററി സ്കൂൾ നെല്ലിമൂട്**

ഏവർക്കും നമസ്ക്കാരം

നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ച് കഴിഞ്ഞ കുറേ വർഷങ്ങളായി ജില്ലയിൽ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും തലയെടുപ്പുള്ള വിദ്യാശാലയാണ് നെല്ലിമൂട് ന്യൂ ഹയർസെക്കൻററി സ്കൂൾ. മഹത്തായ ഈ സ്ഥാപനത്തിൻെറ സ്ഥാപകരായ മാനേജ്മെൻറ് അംഗങ്ങളെയും സ്ഥാപനത്തിൻെറ വികസന ചരിത്രത്തിൽ സാക്ഷ്യം വഹിച്ചവരെയും സ്മരിച്ചു കൊണ്ട് 2023-2024 അധ്യയന വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നു.

2023-2024 അധ്യയന വർഷത്തെ ഹയർസെക്കൻററി വിഭാഗം സ്റ്റാഫ് സെക്രട്ടറിയായി ശ്രീ. ജെ. ജോൺ വിക്ടറും ഹൈസ്കൂൾ വിഭാഗം സ്റ്റാഫ് സെക്രട്ടറിയായി ശ്രീ. ബിജോയ് രാജും, സ്കൂൾ ചെയർമാനായി ശ്രീ. ആൻസിലും ചെയർപേഴ്സനായി കുമാരി ആഷ്നയും ആരതി എ ആറും ലീഡർ ആയി ശ്രീറാമും തെരഞ്ഞെടുക്കപ്പെട്ടു 21 അംഗ പി റ്റി എ എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ നിന്ന് ശ്രീ. അഡ്വ. ഷാജിയെ പ്രസിഡൻറായും ഷിബുലാൽ റ്റി. ആർ വൈസ് പ്രസിഡൻറായും തെരഞ്ഞെടുത്തു. ഹയർസെക്കൻററി വിഭാഗത്തിൽ 31 സ്റ്റാഫംഗങ്ങളും യു.പി, എച്ച് എസ് വിഭാഗത്തിൽ 85 സ്റ്റാഫംഗങ്ങളും ഹയർസെക്കൻററിയിൽ 720 വിദ്യാർത്ഥികളും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ 2300 വിദ്യാർത്ഥികളും പഠിക്കുന്നു. നിരവധി ക്ലബ് കൺവീനർമാരും, സബ്ജക്ട് കൗൺസിൽ കൺ വീനർമാരും സമർപ്പിത അധ്യാപന, ഗവേഷണ പ്രതിബദ്ധതയുള്ള ഒരു മികച്ച ഫാക്കൽറ്റി ടീമാണ് നമുക്കുള്ളത് 2022-2023 അധ്യയന വർഷം ഹയർസെക്കൻററി പൊതുപരീക്ഷയിൽ 29 കുട്ടികൾക്ക് ഫുൾ എ പ്ലസും 85% വിജയവുമുണ്ടായി. എസ് എസ് എൽ സി പരീക്ഷയിൽ 68 കുട്ടികൾക്ക് ഫുൾ എ പ്ലസും 554 വിദ്യാർത്ഥികൾ എഴുതി 100% വിജയം കരസ്ഥമാക്കുകയും ചെയ്തു. പുതിയ ലോകത്ത് വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് ഗൗരവമായി നിരീക്ഷിച്ച് നന്മയിലേക്ക് നയിക്കത്തക്ക വിധത്തിൽ നൂതന സാങ്കേതിക വിദ്യയും ചിട്ടയായ പ്രവർത്തനങ്ങളും നമ്മുടെ സ്കൂളിൽ സ്ജ്ജീകരിച്ചിട്ടുണ്ട്

## പ്രവേശനോത്സവം

ഉയർന്ന പ്രതീക്ഷകളോടും അക്കാദമിക സ്വപ്നങ്ങളോടും കൂടി 2023-2024 വർഷത്തിലേക്കുള്ള പ്രവേശനോത്സവം സംഘടിപ്പിച്ചു. പ്രിൻസിപ്പൽ, എച്ച്.എം, പി റ്റി എ യും രക്ഷകർത്താക്കളും ചേർന്ന് മധുരം നൽകി കുട്ടികളെ വരവേറ്റു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. വി. പി സുനിൽകുമാർ, കൊടങ്ങാവിള വിജയകുമാർ എന്നിവർ വിഷിഷ്ട അതിഥികളായിരുന്നു. 05-07-2023 ന് ഒന്നാം വർഷ ഹയർസെക്കൻററി ക്ലാസ്സുകൾ ആരംഭിച്ചു. ക്ലാസ്സ് അധ്യാപകരും ലീഡേഴ്സും ചേർന്ന് ദീപം തെളിച്ച് പ്ലസ് വൺ കുട്ടികളെ വരവേറ്റു. അസി. പ്രഫ. ഡോ. ബീനാമോൾ കുട്ടികൾക്ക് ആവശ്യമായ മോട്ടിവേഷൻ നൽകി. ഭിന്നശേഷി വിഭാഗത്തിൽ 42 കുട്ടികൾ ഉണ്ട്. അവർക്കായി 10 ലക്ഷം രൂപ മുടക്കി റെസ്റ്റ് റൂമും 20 ബ്ലോക്ക് ഉള്ള മോഡേൺ ടോയിലറ്റും സജ്ജീകരിച്ചിട്ടുണ്ട്. റിസോഴ്സ് ടീച്ചർ ആയി ജീന ടീച്ചറും സഹായിയായി ശ്രീമതി. ബിന്ദുവും പ്രവർത്തിക്കുന്നു. ഈ വിഭാഗത്തിൽ ക ുമാരി കൃഷ്ണ വേണി റവന്യൂ ജില്ലയിൽ ഡോൾ മേക്കിങ് മൽസരത്തിൽ പങ്കെടുത്ത് എ ഗ്രേഡ് കരസ്ഥമാക്കി. നമ്മുടെ സ്കൂളിലെ എൻ എസ് എസ് മുൻവർഷങ്ങളിലെപോലെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ വർഷവ ും നടത്തിയിട്ടുള്ളത്. പരിസ്ഥിതി ദിന പ്രവർത്തനങ്ങളുമായി ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കു

റിച്ചു. രണ്ട് രക്തദാനക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ശുചീകരണം, ഉദ്യാനനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. നമ്മുടെ സ്കൂളിലെ 9, 12 ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ സഹോദരിമാർക്ക് വീട് വച്ച് കൊടുക്കുന്ന ശ്രദ്ധേയമായ സ്നേഹ ഭവന പദ്ധതിക്ക് തുടക്കം കറിച്ചു. ഇതിൻെറ വിജയത്തിനായി സംഘടിപ്പിച്ച പേപ്പർ ചലഞ്ച്, കപ്പയും കാപ്പിയും, കാർഡ് ചലഞ്ച് ഇവ ഈ സ്കൂളിലെ മുഴുവൻ കുട്ടികളുടെയും സഹകരണത്തോടെ വൻ വിജയത്തിലെത്തിക്കാനും അതു മുഖാന്തരം സ്നേഹഭവനത്തിൻെറ പണികൾ ഏകദേശം പൂർത്തീകരിക്കാനും സാധിച്ചിട്ടുണ്ട്. ഈ വർഷത്തെ എൻ എസ് എസ് ൻെറ സപ്തദിന ക്യാമ്പ് എം സി എച്ച് എസ് എസ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. എൻ എസ് എസ് പ്രോഗ്രാം ഓഫീസറായി ഡോ. എസ് എം ഫസിലുദ്ദീൻ സറും, പി. റ്റി. എ മെമ്പറായി ഡോ. ജെ .ഉണ്ണികൃഷ്ണൻ സറും വോളണ്ടിയർമാരായി ആദർശ്, അനാമിക, സജിത്ത്, ശിവാനി എന്നിവരും പ്രവർത്തിക്കുന്നു.

## എൻ സി സി

ഇന്ത്യൻ എയർഫോഴ്സിൻെറ കീഴിലുള്ള ട്രൂപ്പ് 10 ആയി നമ്മുടെ സ്കൂളിൽ ഷൈൻ വാട്സ് സറിൻെറ കീഴിൽ എൻ സി സി പ്രവർത്തിക്കുന്നു. ഹയർസെക്കൻററി വിഭാഗത്തിൽ ആർമി ത്രീ കേരള ബറ്റാലി
യൻ എൻ സി സി യുടെ സീനിയർ ഡിവിഷൻ യൂണിറ്റ് 2020 മുതൽ 120 കേഡറ്റുകൾക്ക് പരിശീലനം നൽകി പ്രവർത്തിച്ചു വരുന്നു. ലഫ്റ്റനൻറ് കിംഗ്സിലി ജയിൻ (എച്ച് എസ് എസ് റ്റി ഇംഗ്ലീഷ്) കമ്പനി കമാൻററായി സേവനമനുഷ്ഠിക്കുന്നു. ഫുൾ ടൈം ലേഡി ഓഫീസറായി ജി സി എ ആയ സാംഗ്ൻറ എൽ തങ്കച്ചൻ പ്രവർത്തിക്കുന്നു. ഗാർഡ് ഓഫ് ഓണർ, റൈഫിൾ ഡ്രിൽ, മെയിൻ ഡ്രിൽ, ടേബിൾ ഡ്രിൽ, സോഡ് ഡ്രിൽ എന്നിവയ്ക്ക് പരിശീലനം നൽകുന്നു. 2024 ജൂൺ 26 ന് ഡൽഹിയിൽ നടന്ന റിപ്പബ്ലിക്ക് ഡേ പരേഡിന് ആൾ ഇന്ത്യ സിലക്ഷൻ നേടിയ ആകാശ് എസ് എസ്, ആൾ ഇന്ത്യ ഡ്രിൽ ടെസ്റ്റ് ൽ രണ്ടാം സ്ഥാനവും ടെൻറ് പിച്ചിങിന് ഒന്നാം സ്ഥാനം നേടിയ ആദിത്യ എസ് പി എന്നിവർ യൂണിറ്റിൻെറയും നമ്മുടെ സ്കൂളിൻെറയും അഭിമാനമാണ്
ഉത്തമപൗര സൃഷ്ടി എന്ന ലക്ഷ്യത്തോടെ വിശ്വസോഹോദര്യ പ്രസ്ഥാനമായ സ്കൗട്ട് യൂണിറ്റ് വളരെ മാതൃകാപരമായി നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു. ബി പ്രിപ്പയേഡ് എന്ന മുദ്രാവാക്യത്തെ സാർത്ഥകമാക്കുന്ന രീതിയിൽ ദുരന്ത നിവാരണം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, നിയമസുരക്ഷാ പാഠങ്ങൾ തുടങ്ങി ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡ് പ്രവർത്തനങ്ങൾ സ്തുത്യർഹമായി നടത്തുകയുണ്ടായി. യൂണിറ്റ് ക്യാമ്പിന് പുറമെ നെയ്യാറ്റിൻകര വിദ്യാഭ്യാസജില്ലയിലെ 400 ൽ പരം സ്കൗട്സ് ആൻറ് ഗൈഡ്സ് പങ്കെടുത്ത എച്ച് എസ് എസ് ടെസ്റ്റിങ് ക്യാമ്പ് നമ്മുടെ സ്കൂളിൽ വച്ച് നടന്നു. ഹയർ സെക്കൻററി വിഭാഗത്തിൽ ഡോ. എസ് മിനി എച്ച് എസ് വിഭാഗത്തിൽ ശ്രീ. ഗ്രേസിൻ സി ഗിൽബർട്ട് , ശ്രീ. ലാൽജി ഗൈഡ് യൂണിറ്റിന് ശ്രീ അനു പി വി എന്നിവർ നേതൃത്വം നൽകുന്നു. ഈ വർഷം 8 കുട്ടികൾക്ക് രാജ്യപുരസ്ക്കാർ അവാർഡ് നേടികൊടുക്കുവാനും പ്രസ്തുത യൂണിറ്റിന് സാധിച്ചു

## ക്ലബുകൾ

### കരിയർ ഗൈഡൻസ്

ഫോക്കസ് പോയിൻറ് 2023 എന്ന പേരിൽ പ്ലസ് കോഴ്സുകളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സോടു കൂടി ശ്രീ. ഹരി സാറിൻെറ നേതൃത്വത്തിൽ കരിയർ ഗൈഡൻസിൻെറ പ്രവർത്തനങ്ങൾ ആരംഭിച്ചു. കരിയർ ഡേ, കരിയർ എഫ് എം സംപ്രേക്ഷണം, ശില്പശാല എൻട്രൻസ് ട്രയിനിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിൽ നമ്മുടെ കു

ട്ടികളെ പങ്കെടുപ്പിച്ചു. കൂടാതെ നമ്മുടെ സ്കൂളിൽ സൗഹൃദ ക്ലാസ്സും വളരെ സജീവമായി പ്രവർത്തിക്കുന്നു. സൗഹൃദ കോർഡിനേറ്റർ ആയി ശ്രുതി എസ് മോഹൻ ടീച്ചർ പ്രവർത്തിക്കുന്നു. പ്രസ്തുത ക്ലബിൻെറ നേതൃത്വത്തിൽ പോസ്ക്കോ ആക്ട് ആൻറ് സൈബർ ക്രൈമ്സ്, മെൻസ്ട്രൽ ഹൈജീൻ ആൻറ് മെൻറൽ ഹീലിങ്, മക്കളെ അറിയാൻ, റീപ്രൊഡക്ടീവ് ഹെൽത്ത്, ലൈഫ് സ്കിൽ തുടങ്ങിയ വിഷയങ്ങളിൽ പ്രമുഖരായ ഡോക്ടേഴ്സും സൈക്കോളജിസ്റ്റും ഉൾപ്പെടുത്തി നമ്മുടെ കുട്ടികൾക്ക് ക്ലാസ്സുകൾ നൽകി. എം എം ജയൻ സാറിൻെറ നേതൃത്വത്തിൽ ലീഗൽ ക്ലബ് പ്രവർത്തിക്കുന്നു. ലീഗൽ അവയർനസ് ക്ലാസ്സ്, മോഡൽ പാർലമെൻറ് തുടങ്ങിയവ സംഘടിപ്പിക്കുവാൻ പ്രസ്തുത ക്ലബിന് സാധിച്ചു.

## മാത്തമാറ്റിസ്

മാത്തമാറ്റിക്സ് സബ്ജക്ട് കൗൺസിൽ ആയി ശ്രീമതി എം ആർ റാണി ടീച്ചറും, ക്ലബ് കൺവീനർ ആയി ശ്രീമതി. ശ്രീല ടീച്ചറും സബ്ജില്ലാ കൺവീനർ ആയി ഗ്രേസിൻ സി ഗിൽബർട്ടും പ്രവർത്തിക്കുന്നു. രാമാനുജൻ പേപ്പർ പ്രസൻേറഷൻ, ഭാസ്കരാചാര്യ സെമിനാർ എന്നിവയ്ക്ക് യു പി , എച്ച് എസ് സെക്ഷനിൽ സബ്ജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ഇംഗ്ലീഷ് ക്ലബ് കൺവീനർ ആയി ശ്രീ. അരുൺ സാറും സബ്ജക്ട് കൗൺസിൽ ആയി ആർ ജെ മായ ടീച്ചറും പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് സ്റ്റോറി റൈറ്റിങ്, എസ്സേ റൈറ്റിങ് , ഇംഗ്ലീഷ് പ്രസംഗം എന്നിവയ്ക്ക് സബ്ജില്ലയിൽ എ ഗ്രേഡ് ലഭിച്ചു. സോഷ്യൽ സയൻസ് സബ്ജക്ട് കൺവീനർ ആയി ശ്രീമതി. ഷീബാ വിക്ടർ, ശ്രീ. ഡി.ഡി വിൽഫ്രഡ് എന്നിവർ പ്രവർത്തിക്കുന്നു. സബ്ജില്ലയിൽ കഴിഞ്ഞ 18 വർഷമായി ശാസ്ത്രമേളയിൽ തുടർച്ചയായി ഓവർ ആൾ കിരീടം നിലനിർത്തുന്നു. സയൻസ് ക്ലബിന് ശ്രീമതി. അഞ്ചു ടീച്ചറും നേതൃത്വം നൽകുന്നു. പ്രസ്തുത ക്ലബിൻെറ നേതൃത്വത്തിൽ പരിസ്ഥിതി ദിനം, ചാന്ദ്ര ദിനം, സയൻസ് എക്സ്ബിഷൻ എന്നിവ സംഘടിപ്പിച്ചു. നാഷണൽ സയൻസ് സെമിനാറിൽ ഒമ്പതാം ക്ലാസ്സിലെ അമലേഷ് കൃഷ്ണ സംസ്ഥാന തലത്തിൽ പങ്കെടുത്ത് എ ഗ്രേഡ് കരസ്ഥമാക്കി. സബ്ജില്ലാ ശാസ്ത്രമേളയിൽ ഓവർ ആൾ രണ്ടാം സ്ഥാനവും ഇലക്ട്രിസിറ്റി സേഫ്റ്റി എക്സ്പോ 2023 എന്ന പ്രോഗ്രാമിൽ നമ്മുടെ സ്കൂളിലെ കുട്ടികളെ പങ്കെടുപ്പിച്ച് ഓവർ ആൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. യു പി വിഭാഗം കുട്ടികൾക്കായി നവീകരിച്ച സയൻസ് ലാബിൻെറ ഉത്ഘാടനവും പ്രസ്തുത വർഷം നടന്നു. ക്വിസ്സ് കോംമ്പറ്റിഷൻ, ടാലൻ്റ് സേർച്ച് എക്സാമിനേഷൻ എന്നിവയിലും നമ്മുടെ ചുണകുട്ടികൾ മികച്ച വിജയം കരസ്ഥമാക്കി.

## മലയാളം

മലയാളം വിഭാഗം സബ്ജക്ട് കൺവീനർ ആയി ശ്രീമതി. സൗമ്യ, ശ്രീമതി. സ്മിത, വിദ്യാരംഗം കൺവീനർ ആയി ശ്രീമതി. മഞ്ജു, ശ്രീ. രാജ് മെർവിൻ എന്നിവർ പ്രവർത്തിക്കുന്നു. ദേശീയ വായനാദിന മാസാചരണം, പി. എൻ പണിക്കർ അനുസ്മരണം, ബഷീർ അനുസ്മരണം, വായനാ ക്വിസ് മൽസരം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഉപജില്ലാ ശിൽപശാലയിലും ഹൈസ്സ്കൂൾതല സാഹിത്യ സെമിനാറിലും കുട്ടികളെ പങ്കെടുപ്പിച്ചു. ബാലരാമപുരം ഉപജില്ലാ സർഗ്ഗോൽസവത്തിലും കുട്ടികളെ പങ്കെടുപ്പിച്ച് മികച്ച വിജയം കരസ്ഥമാക്കി.

## ഹിന്ദി

ഹിന്ദി ക്ലബിന് ജാസ്മിൻ ജെ ആർ, ഷെറിൻ ലാൽ എന്നിവരും സംസ്കൃതം ക്ലബിന് ഡോ. ഷൈലജ, ശ്രീമതി. ഹേമ എന്നിവരും നേതൃത്വം നൽകുന്നു. ഹിന്ദി രചനാ മൽസരങ്ങളിൽ സബ്ജില്ലയിൽ എ ഗ്രേഡും, എച്ച് എസ് വിഭാഗം സംസ്കൃതം കലോൽസവത്തിന് ഒന്നാം സ്ഥാനവും ലഭിച്ചു.

## ജെ ആർ സി

ജെ ആർ സി യ്ക്ക് ശ്രീമതി. ഷൈൻലാറാണി ടീച്ചപരീക്ഷ എഴുതുന്നു.

## എക്കോ

ഷീബാ വികൂർ ടീച്ചറിൻെറ നേതൃത്വത്തിൽ എക്കോ ക്ലബ് പ്രവർത്തിക്കുന്നു. പ്രസ്ർ നേതൃത്വം നൽകുന്നു. 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 8, 9, 10 ക്ലാസ്സുകളിലായി 180 കുട്ടികൾ ഈ വർഷം തുത ക്ലബിൻെറ ഭാഗമായി സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ, ഔഷധ സസ്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ നട്ട് സംരക്ഷിക്കുന്നുണ്ട്.

## ജലശ്രീ

ജലശ്രീ ക്ലബിന് ശ്രീമതി. അനില എ ആർ, രാജ് മെർവിൻ, ഡി. ഡി, വിൽഫ്രഡ് എന്നിവർ നേതൃത്വം നൽകിന്നു. ജലവിഭവ സംരക്ഷണം വിദ്യാർത്ഥികളിലൂടെ എന്ന ലക്ഷ്യത്തിലേക്കായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ഐ റ്റി

ഐ റ്റി ക്ലബിന് ശ്രീ. പ്രകാശ് റോബർട്ട്, ഡോ. ഷൈലജ, ശ്രീമതി. ജി എസ് വിമല എന്നിവർ നേതൃത്വം നൽകുന്നു. ഐ റ്റി ക്ലബിൻെറ ഭാഗമായി ദിനാചരണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു. സബ്ജില്ലാ ഐ റ്റി ശാസ്ത്രമേളയിൽ വിവിധ മൽസരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കി.

## ലിറ്റിൽകൈറ്റ്സ്

ലിറ്റിൽ കൈറ്റ്സിന് ശ്രീ. പ്രകാശ് റോബർട്ട്, ശ്രീമതി. ജി എസ് വിമല എന്നിവർ നേതൃത്വം നൽകുന്നു. എച്ച് എസ് വിഭാഗത്തിൽ 120 വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. ലാബ് പരിപാലനം കൂടാതെ നിരവധി കുട്ടികൾക്ക് എസ് എസ് എൽ സി പരീക്ഷയ്ക്ക് ഗ്രേയ്സ് മാർക്ക് നേടികൊടുക്കുകയും ചെയ്യുന്നു. നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽ ഐ റ്റി മേഖലയിൽ മികച്ച സ്കൂളായി നമ്മുടെ സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

## പ്രവൃത്തിപരിചയം

സബ്ജില്ലാ പ്രവർത്തിപരിചയ മേളയിൽ യു പി, എച്ച് എസ് വിഭാഗത്തിൽ തുടർച്ചയായി 13ാം വർഷവും ഓവറാൾ കിരീടം കരസ്ഥമാക്കി. ശ്രീമതി. ആശാ കെ ജോൺസൺ, ശ്രീമതി. ബിന്ദു എന്നീ അധ്യാപകർ നേതൃത്വം നൽകി ജില്ലാ ശാസ്ത്രമേളയിൽ 84 പോയിൻറ് നേടി ഒന്നാം സ്ഥാനവും, ബഡ്ഡിങ്, ലെയറിങ്, ബീഡ്സ് വർക്ക് എന്നിവയിൽ സ്റ്റേറ്റ് ലെവൽ എ ഗ്രേഡും കരസ്ഥമാക്കി.

## ഹയർസെക്കഡറി

ഹയർസെക്കൻററി വിഭാഗത്തിൽ സയൻസ്, മാത്സ്,എസ് എസ്, ഐ റ്റി , വർക്ക് എക്സ്പീരിയൻസ് എന്നീ വിഭാഗങ്ങളിൽ സബ്ജില്ലയിൽ രണ്ടാം സ്ഥാനവും സംസ്ഥാനതല പ്രവർത്തിപരിചയമേളയിൽ മിഥുല എ ആർ, ആരോമൽ എസ്എസ്, അർഷിത് ജോൺ , അൽത്താഫ് അഹമ്മത്, ജോബിൻ വർഗ്ഗീസ് എന്നീ കുട്ടികൾ വിവിധ ഇനങ്ങളിൽ പങ്കെടുത്ത് എ ഗ്രേഡ് കരസ്ഥമാക്കി. കൺവീനർമാരായി ശ്രീ. ഷാജു സാർ, ബിജു സാർ, ജോൺ

ബ്രൈറ്റ് സാർ, സജേഷ് റാം സാർ, ജോൺ വിക്ടർ സാർ, ഷൈജാ നായർ ടീച്ചർ എന്നിവർ വളരെ ആത്മാർത്ഥമായി പ്രവർത്തിച്ചു.

## കലോത്സവം

ഹയർസെക്കൻററി വിഭാഗത്തിൽ ശ്രീ. ജോൺ ബ്രൈറ്റ് സാറിൻെറയും, ഹൈസ്സ്കൂൾ വിഭാഗത്തിൽ ശ്രീ. ഗ്രെയ്സിൻ സി ഗിൽബർട്ട് സാറിൻെറയും നേതൃത്വത്തിൽ കലോൽസവ കമ്മിറ്റി രൂപീകരിച്ചു. 250 പോയിൻറ് നേടി എച്ച് എസ് എസ് വിഭാഗം ഓവറാൾ ഒന്നാം സ്ഥാനവും 122 പോയിൻറ് നേടി എച്ച് എസ് വിഭാഗം ഒന്നാം സ്ഥാനവും 80 പോയിൻറ് നേടി യു പി വിഭാഗം ഒന്നാം സ്ഥാനവും 83 പോയിൻറ് നേടി സംസ്കൃതം കലോൽസവത്തിന് ഒന്നാം സ്ഥാനവും 59 പോയിൻറ് നേടി അറബിക് കലോൽസവത്തിൽ ഒന്നാം സ്ഥാനവും സബ്ജില്ലയിൽ ന്യൂ ഹയർ സെക്കൻററി സ്കൂൾ കരസ്ഥമാക്കി. ജില്ലാ കലോൽസവത്തിൽ 63 പോയിൻറ് നേടി എച്ച് എസ് വിഭാഗം മികച്ച വിജയം കരസ്ഥമാക്കി. സംസ്ഥാന കലോൽസവത്തിൽ എച്ച് എസ്എസ് വിഭാഗത്തിൽ ഇംഗ്ലീഷ് കവിതാരചനയിൽ അമൃതാ എം ആർ എ ഗ്രേഡും 10-ാം ക്ലാസ്സിലെ ചുണകുട്ടികൾ ദഫ്മുട്ടിന് എ ഗ്രേഡും കരസ്ഥമാക്കി ഗ്രേയ്സ് കലോത്സവം. കഠിനാധ്വാനം ചെയ്ത പ്രതിഭകൾക്കും, കൂടെ നിന്ന് പ്രോൽസാഹിപ്പിച്ച അധ്യാപകർക്കും രക്ഷകർത്താക്കൾക്കും അഭിനന്ദനങ്ങൾ.

## ആഘോഷങ്ങൾ

ഈ വർഷവും ഈ ക്യാമ്പസിനുള്ളിൽ ഉള്ള ഏകദേശം 3800 പേർക്ക് വിഭവ സമൃദ്ധമായ ഓണസദ്യയും, ക്രിസ്തുമസ്സിന് എല്ലാവർക്കം മധുരവും കേക്കും നൽകി. നമ്മുടെ സ്കൂളിൽ എച്ച് എസ് എസ് , എച്ച് എസ് വിഭാഗങ്ങളിലായി 2 ലൈബ്രറികളിലായി ഏകദേശം 3000 ത്തിൽ അധികം പുസ്തകങ്ങളും ആനുകാലിക ജേണലുകളും വിദ്യാർത്ഥികൾക്ക് വിതരണം നടത്തി വരുന്നു. ലൈബ്രേറിയരായി ശ്രീമതി. നയന, അനുജ എന്നിവർ പ്രവർത്തിക്കുന്നു. എച്ച് എസ് വിഭാഗം എസ് ആർ ജി കൺവീനറായി ശ്രീ. എം എസ് സജി, അനിത എസ് ആർ ഉം യു പി വിനോദ് വി, ആശാ കെ ജോൺസൺ എന്നിവർ പ്രവർത്തിക്കുന്നു. സ്കൂളിൻെറ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഇവർ മുഖ്യ പങ്ക് വഹിക്കുന്നു.

## സംരംഭങ്ങൾ

2022 മുതൽ മാനേജ്മെൻറ് കമ്മിറ്റി അംഗമായ അഡ്വ . വസന്തമോഹൻ സാറിൻെറ പ്രത്യേക താൽപ്പര്യപ്രകാരം സിവിൽ സർവ്വീസ് ഫൗൺണ്ടേഷൻ ക്ലാസ്സുകൾ ശ്രീ. വിനോദ് വി, ശ്രുതി എസ് മോഹൻ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ചെറിയ പ്രായത്തിൽ തന്നെ വിദ്യാർത്ഥികളിൽ സിവിൽ സർവ്വീസ് എന്ന സ്വപ്നം വളർത്തികൊണ്ടുവരാൻ മികച്ച ഫാക്കൽറ്റിയെ ഉൾപ്പെടുത്തി അതിതീവ്ര പരിശീലനം കുട്ടികൾക്ക് നൽകുന്നു.

വിദ്യാർത്ഥികളിലെ സർഗാത്മകമായ ശേഷി വർദ്ധിപ്പിക്കുവാൻ എല്ലാ വർഷവും സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു. ചീഫ് എഡിറ്ററായി എച്ച് എസ് വിഭാഗത്തിൽ ശ്രീ. ഗ്രേസിൻ സി ഗിൽബർട്ടും എച്ച് എസ് എസ് വിഭാഗത്തിൽ ശ്രുതി എസ് മോഹൻ ടീച്ചറും പ്രവർത്തിക്കുന്നു.

## സാന്ത്വനം

2010 മുതൽ നമ്മുടെ സ്കൂളിൽ നടത്തി വരുന്ന കാരുണ്യത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് പോകുന്ന ക്ലബാണ് സാന്ത്വനം. ഒ എൻ ജോയി, ഡോ. ഷൈലജ, ഡി ഡി വിൽഫ്രഡ് എന്നിവർ ഇതിന് നേതൃത്വം നൽകുന്നു.

## ഗാന്ധിദർശൻ

ഗാന്ധിയൻ ആദർശങ്ങൾ വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി ശ്രീ. പ്രമോദ് കുമാർ, ശ്രീമതി. മജുല എന്നിവരുടെ നേതൃത്വത്തിൽ ഗാന്ധിദർശൻ ക്ലബ് പ്രവർത്തിക്കുന്നു.

## കായികം

പ്രസ്തുത വർഷത്തെ സ്കൂൾ തല കായികമൽസരങ്ങൾ കാഞ്ഞിരംകുളം സ്റ്റേഡിയത്തിൽ വച്ച് പ്രിൻസിപ്പാളിൻെറ അധ്യക്ഷതയിൽ പി റ്റി എ പ്രസിഡൻറ് ഫ്ലാഗ് ഓഫ് ചെയ്ത് നടത്തപ്പെട്ടു. സബ്ജില്ല, ജില്ലാ മൽസരങ്ങളിലും, നെയ്യാർമേളയിലും നമ്മുടെ കുട്ടികൾ സ്പോർട്സിൽ മികച്ച വിജയങ്ങൾ കരസ്ഥമാക്കി. ഫുഡ്ബാൾ, ചെസ്സ്, ബാഡ്മിൻറൺ, കബഡി, വോളി ബോൾ എന്നീ ഇനങ്ങളിൽ സംസ്ഥാനതലം വരെ പങ്കെടുക്കുവാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു. 7 ബി യിലെ അർച്ചന, 10 എ യിലെ രജുഷ എന്നിവർ മലപ്പുറത്തു വച്ച് നടന്ന സംസ്ഥാന മൽസരങ്ങളിൽ പങ്കെടുത്ത് മികച്ച വിജയം നേടി. ബോക്സിങിൽ 10 ജി യിലെ അൽനെയ്ഹാൻ സ്റ്റേറ്റിൽ മൂന്നാം സ്ഥാനം നേടി. 10 ജെ യിലെ മുഹമ്മദ് ഫർഹാൻ ക്രിക്കറ്റിൽ സ്റ്റേറ്റിൽ മൂന്നാം സ്ഥാനം നേടി. സ്പോർട്സിന് ശ്രീ. കെ പദ്മകുമാർ സാർ, സ്കൂൾ കായിക അധ്യാപകൻ ലാൽ ജി സൈമൺ എന്നിവർ കുട്ടികൾക്ക് വേണ്ട പരിശീലനവും പ്രോൽസാഹനവും നൽകുന്നു.

## ഉച്ചഭക്ഷണം

2023-2024 അധ്യയനവർഷം 923 കുട്ടികൾക്ക് സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു. ആഴ്ചയിൽ 2 ദിവസം പാൽ, 1 ദിവസം മുട്ട, കൂടാതെ പോഷക സമൃദ്ധമായ വിഭവങ്ങൾ ഒരുക്കുന്നു. ഇതിന് ശ്രീ. രതീഷ് സാർ നേതൃത്വം നൽകുന്നു.

## ഗതാഗതം

പൂർണ്ണമായും മാനേജ്മെൻറിൻെറ അധീനതയിലാണ് സ്കൂൾ ബസ്. അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും സഹകരണം കൊണ്ട് 17 ഓളം സ്കൂൾ ബസ്സുകളാണ് വളരെ സുതാര്യമായി നടത്തികൊണ്ട് പോകുന്നത്.

## വിടവാങ്ങൽ

ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്നു.

ഡോ. എസ് എം ഫസിലുദ്ദീൻ ( എച്ച് എസ് എസ് ടി സുവോളജി )

ശ്രീമതി. ആനന്ദ സുജ (എച്ച് എസ് എസ് ടി സോഷ്യോളജി)

ശ്രീമതി. വിജയ ലക്ഷ്മി കെ ജി ( എച്ച് എസ് ടി മാത്തമാറ്റിസ് )

ശ്രീ. കെ ആർ ഉണ്ണികൃഷ്ണൻ ( എച്ച് എസ് ടി മലയാളം )

ശ്രീമതി. ജയശ്രീ വൈ എസ് ( എച്ച് എസ് ടി മലയാളം )

ശ്രീ. എം എസ് സജി ( എച്ച് എസ് ടി സോഷ്യൽ സ്റ്റഡീസ്)

ശ്രീമതി. ഷീജാ റാണി കെ പി ( എച്ച് എസ് ടി ഫിസിക്കൽ സയൻസ്)

കൂടാതെ കേരള സർവ്വകലാശാല സെനറ്റിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട ഡോ. എസ് മിനി (എച്ച് എസ് എസ് ടി ഹിന്ദി) എന്നീ മഹത്വ്യക്തികൾ സ്കൂളിന് വേണ്ടി ചെയ്ത സേവനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ ഈശ്വരൻ തുടർന്നുള്ള ജീവിതയാത്രയിൽ എല്ലാ നന്മകളും നൽകട്ടെ എന്ന് ആശംസിക്കുന്നു.

## എൻഡോവ്മെൻറ്

എസ് എസ് എൽ സി, പ്ലസ് ടു പൊതുപരീഷകളിൽ ഉന്നതവിജയം നേടിയവർക്കും, മറ്റ് ക്ലാസ്സുകളിൽ പഠനമികവ് നേടിയവർക്കും എൻഡോവ്മെൻറുകളും കാഷ് അവാർഡുകളും ഏർപ്പെടുത്തിയ എല്ലാ സുമനസ്സുകൾക്കും നന്ദിയർപ്പിക്കുന്നു. വളരെ നീണ്ട കാലത്തെ പാരമ്പര്യത്തിൽ അധിഷ്ഠിതമായി തലമുറ തലമുറയായി വളർന്നു നിൽക്കുന്ന ഒരു പ്രസ്ഥാനമാണ് ന്യൂ ഹയർസെക്കൻററി സ്കൂൾ.

## കൃതജ്ഞത

മൺമറഞ്ഞുപോയ മാനേജ്മെൻറ് പ്രതിനിധികൾ, നമ്മെ വിട്ടുപിരിഞ്ഞ അധ്യാപകർ, രാഷ്ട്രീയ പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പി റ്റി എ കമ്മിറ്റി അംഗങ്ങൾ, രക്ഷിതാക്കൾ, മറ്റ് അഭ്യുതയ കാംക്ഷികൾ, പ്രിൻസിപ്പൽ, എച്ച് എം, സ്റ്റാഫ് സെക്രട്ടറിമാർ, വിവിധ ക്ലബ് കൺവീനർമാർ, അധ്യാപക-അനധ്യാപകർ, ബസ് ജീവനക്കാർ, സുരക്ഷാ ജീവനക്കാർ, ന്യൂ ശിശുവിഹാർ ജീവനക്കാർ, ന്യൂ വിദ്യാ വിഹാർ, ന്യൂ ബി എഡ് കോളേജ് സ്റ്റാഫ് അംഗങ്ങൾ സർവ്വോപരി സ്കൂൾ മാനേജർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരുടെ ആത്മാർത്ഥമായ സേവനവും പ്രാർത്ഥനയും ഈ സ്ഥാപനത്തിൻെറ വളർച്ചയ്ക്ക് എന്നും എപ്പോഴും താങ്ങും തണലും ആയിട്ടുണ്ട്. ഏവർക്കും മുഴുവൻ സ്റ്റാഫിൻെറ പേരിലുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തികൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

സ്റ്റാഫ് സെക്രട്ടറി

## കവിതകൾ

### എൻെറ അച്ഛൻ

അച്ഛൻ എന്നു പറയുമ്പോൾഎൻ
ഉള്ളം സ്നേഹത്താൽ നിറയുന്നു
എൻ ആയുഷ്ക്കാലമൊക്കെയും എനിക്കായി
കരുതിയ സ്നേഹത്തിൻെറ നിറകുടം എൻ അച്ഛൻ
അച്ഛനില്ലാതെ ജീവിതമില്ല
അധ്വാനിയാം അച്ഛനെന്ന ലോകമേ
മോഹത്തിൻെറ ഇരുട്ടിൽ പെൺമക്കളെ
തിരിച്ചറിയാത്ത ഈ ലോകത്തിൽ
എൻ അച്ഛൻ എനിക്കെത്രയോ പ്രിയപ്പെട്ടവൻ
കലാപത്തിൻെറ പേരിൽ
പെൺസമൂഹത്തെ ക്രൂരമായി

നശിപ്പിച്ചുകൊന്ന ലോകമേ
അവളും ഒരച്ഛന്റെ മകളായിരുന്നു
ആണിനാൽ ജൻമം കൊണ്ട് ആണിനാൽ
നശിപ്പിക്കുന്ന ഈ ലോകത്തിൽ
ഞാൻ എന്റെ അച്ഛന്റെ മകളായി
ജനിച്ചതിൽ അഭിമാനിക്കുന്നു

അനന്യ എ ആർ

## മിന്നാമിനുങ്ങ്



അന്തിമയങ്ങും നേരത്ത്
സൂര്യൻ അകലെ പോകുമ്പോൾ
അമ്പിളി മാമന് കൂട്ടായ്
അകലെ മറയും ഇരുട്ടിൽ നിന്നും
ഇത്തിരി വെട്ടവുമായെത്തും
മിന്നാമിനുങ്ങേ പൊൻ കുഞ്ഞേ
പാറിപ്പാറി നടന്നാട്ടെ
നൻമതൻ വെട്ടം പകർന്നാട്ടെ
തിൻമകളാകും കൂരിരുട്ടിൽ
നൻമയെന്നും പ്രകാശിക്കട്ടെ

**നന്ദന എസ് എസ്**

## മഴക്കാഴ്ച



തണുത്ത കാറ്റ് വീശുന്നു
മേഘങ്ങൾ കറുത്തിരുണ്ട് കൂടുന്നു
മരങ്ങളിൽ നിന്ന് പൂവ് പോലെ
പൊഴിയുന്ന മഴത്തുള്ളികൾ
മഴയത്ത് വർണ്ണക്കുടകളും കൊണ്ട്
വിദ്യാലയത്തിൽ നിന്ന് മടങ്ങുന്ന കുട്ടികൾ
മഴവെള്ളത്തിൽ ചാടി തിമിർക്കാൻ
കാത്തിരിക്കുന്ന കുരുന്നുകൾ
മഴയത്ത് പേടിച്ചരണ്ട് പക്ഷികൾ
ചില്ലകളിൽ നനഞ്ഞു വിറച്ചിരിക്കുന്നു
പുതുമഴ മണ്ണിൽ വീഴുമ്പോഴുള്ള
മണ്ണിന്റെ ഗന്ധം
എന്തൊരു സുന്ദര നിമിഷം

**അദിതി ഡി ആർ**

## എൻെറ ഗ്രാമം



എങ്ങുപോയി, എങ്ങുപോയി എൻെറ ഗ്രാമം
അയ്യോ കാണുന്നില്ലല്ലോ എൻെറ ഗ്രാമം
എങ്ങോ യാത്രപോയി നമ്മുടെ പഴയ ഗ്ര്മം
അയ്യോ പോയല്ലോ നമ്മുടെ പഴമയെല്ലാം
മാഞ്ഞുപോയല്ലോ, മാഞ്ഞുപോയല്ലോ

പാവം കരയുകയാണല്ലോ ചൂളയും
ഓലക്കുടിലും, തറവാടുകളും
ആറും, പുഴയും മലിനമായി
തോടും, കനാലും വറ്റിവരണ്ടു

പാടങ്ങളെല്ലാം ഫ്ലാറ്റുകളായി
പീടികകൾ പോയി മുന്തിയ കടകളായി
കുന്നും, മലയും ഇടിച്ചുനിരത്തി
മണിമാളികകൾ കെട്ടിയുയർത്തി

മാറിപ്പോയി, മാറിപ്പോയി മുഴുവനായി
മാറിപ്പോയി നമ്മുടെ പഴയ കൊച്ചുഗ്രാമം
എങ്ങുപോയി, എങ്ങുപോയി എൻെറ ഗ്രാമം

അലീന എസ്

## ഓണം

ഓണം വന്നല്ലോ
തിരുവോണം വന്നല്ലോ
പൂവ് പറിക്കാലോ
പൂക്കളമിടാല്ലോ
ഓണക്കോടി ഉടുത്ത്
ഊഞ്ഞാലാടാല്ലോ
ഓണസദ്യ കഴിക്കാല്ലോ
ഓണപ്പന്ത് കളിക്കാലോ
ഓണം വന്നല്ലോ
തിരുവോണം വന്നല്ലോ

രേഷ്മ വി

# നിഴൽ തരുക്കൾ

വീഥിയിനപ്പുറം നിലകൊള്ളും താരും തരുക്കളും
പഥികർക്ക് കുടപോൽ വിരിഞ്ഞിടും
താഴെ ജലാശയത്തിലേക്ക് ചാഞ്ഞും ചരിഞ്ഞും
തൊട്ടു തലോടിയും
കാറ്റിനൊപ്പം നീരാടിയും
നാട്ടിൻപുറത്തിനൈശ്വര്യവും
പ്രകൃതിക്ക് സൗന്ദര്യവും എന്നപോലെ
നിൽക്കുന്നു ഹരിതാഭ കാനന ഭംഗി
മനസിലെങ്ങും കുളിർമയേകി



ബ്രിൻറാ റ്റി

# മേരിയുടെ ആട്

മേരിക്കുണ്ടൊരു കുഞ്ഞാട്
വെള്ള നിറമുള്ള കുഞ്ഞാട്
പാലു തരുന്നൊരു കുഞ്ഞാട്
അരുമയായൊരു പൊന്നാട്

കൂടെ കളിക്കും കുഞ്ഞാട്
കൂടെ നടക്കും കുഞ്ഞാട്
കൂട്ടിനിരിക്കും കുഞ്ഞാട്
മേരിക്കുണ്ടൊരു കുഞ്ഞാട്

അലീന എസ് ബി

# ഉഷസും സന്ധ്യയും

ഉഷസ്തൻ കൊട്ടും താപമേകിയും
ശോഭയാൽ കുത്തിത്തിളയ്ക്കുന്നിതാരുണനും
കാലത്തിൻ നീക്കുപോക്കറിയാതെ
യിങ്ങനെ പിരിയുകയാണിതാ
ഉച്ചതൻ താപത്താൽ വെണ്ണപോലലിഞ്ഞിടും
സന്ധ്യതൻ ഒരിത്തിരി ആശ്വാസമേകാൻ തിടുക്കത്താൽ
വെപ്രാളം പൂണ്ടോടുകയാണിതാ സന്ധ്യ
ഇനി നാളെയെന്നന്ത്യമൊഴി നൽകി
വിടപറയുകയാണവർ



കൂരിരുട്ടിൻ പൂക്കൾ വിതറി അങ്ങേതോ
കുറ്റിക്കാടുതൻ മറവിൽ ഇന്നും
വിശ്രമം കൊള്ളുന്നു സന്ധ്യ

**ലയ വി സുരേഷ്**

## നിലയ്ക്കുകയായ്

അവസാനമില്ലാതിന്നാർക്കോ
വേണ്ടിയിന്ന് തുടിക്കുകയെൻ ഹൃദയം
പെരുകുന്ന ദുഃഖവും സന്തോഷവും
എത്രെത്ര എന്നുള്ളിൽ വന്നുപോയി
സഫലമാകാത്തെൻ സ്വപ്നം സഫലമാക്കാൻ
കൊതിയോടെ തുടിക്കുകയാണെൻ ഹൃദയം
ഓരോരോ നാളിതാ കടന്നുപോയീ
ടവേ വേദന ജ്വലിപ്പിക്കും നിമിഷങ്ങളും
അവസാന നാളും നിമിഷവും
കടന്നുപോയീടവേ ഉണങ്ങിയ
കണ്ഠവും പ്രതീക്ഷയറ്റ കണ്ണുമായ്
നിലയ്ക്കാത്ത ഹൃദയ
സ്പന്ദനം നിലയ്ക്കുന്നൊരു കാലമിതായ്
ആരാരുമില്ലാത്ത ശൂന്യമാം
ദേശത്തേയ്ക്കെൻ ജീവൻ
വിടപറയുകയായ്

ലയ വി സുരേഷ്

## ഓർമ്മകൾ



ഓരോരോ നാളുകൾ കടന്നുപോയീടവേ
എൻ മധുരിക്കും ഓർമ്മയും കയ്പ്പേറും നിമിഷവും
വെള്ളത്തിലിറ്റു വീണൊരു മഞ്ഞിൻ
കണികപോലലിഞ്ഞില്ലാതായീടും നാൾ വരും

നിൻ കൈ ഞാൻ കോർത്തു പിടിച്ചതും
നാളെയെ ഭയന്നോടിയൊളിച്ചതും
എൻ കൺമുന്നിലോടി കളിക്കുന്നിതാ
ജീവിത കണ്ണുകൾ കൊട്ടിയടച്ചിട്ടിന്നേയ്ക്ക്
പല നൂറ്റാണ്ട് പിന്നിടുന്നു
എങ്കിലുമണയില്ലയലിയില്ലയീ പ്രണയനൊമ്പര
ത്തിൻ പ്രതീക്ഷതൻ നുറുങ്ങുവെട്ടത്തിൻ റാന്തൽ
ഓരോരോ നാളുകൾ നുള്ളിപ്പറക്കവേ
എരിയുമെന്നുള്ളമൊരഗ്നിപോൽ
പറയാതിരിക്കാൻ വയ്യേ സത്യമാണതെ-
ന്നാലും ഒരു നാൾ ഞാനും നീയും
ഓർമ്മകൾ മാത്രം....

ലെയ വി സുരേഷ്

## മിന്നാമിനുങ്ങ്


ആനി എസ് ലാൽ

അന്തിമയങ്ങും നേരത്ത്
സൂര്യൻ അകലെ പോകുമ്പോൾ
അമ്പിളി മാമനു കൂട്ടായി
അകലെ ഇരുളിൻ മറവിൽ നിന്നും
ഇത്തിരി വെട്ടവുമായെത്തും
മിന്നാമിനുങ്ങേ പൊൻകുഞ്ഞേ
പാറിപ്പാറി പറന്നോളൂ
നന്മതൻ വെട്ടം ഉൂകി പറന്നോളൂ
എല്ലാ മനവും വെട്ടം ഉൂകി പറന്നോളൂ
നന്മതൻ വെട്ടം നിറയട്ടെ

## നിലാവ്

കാർമേഘ കൂട്ടത്തിൻ നടുവിൽ
ശോഭിച്ചു നിൽക്കുന്ന നിന്നെ
കാണുവാനെന്തൊരു ചന്തം
പുഞ്ചിരി തൂകുന്ന താരകക്കൂട്ടത്തിൽ
പൂഞ്ചേലയായി തിളങ്ങുന്നല്ലോ!
ഇരുട്ടിൻെറ മുന്നിൽ നീ വെട്ടിത്തിളങ്ങുന്നു.
രാജകുമാരനെപ്പോലെ സത്യം!
അവിശ്വസനീയം നിൻ മുല്ലമൊട്ടുകൾ





പുഞ്ചിരി പാലമൃതേകിടുന്നു!
നിലാവെന്നൊരോമനപ്പേരിനാൽ നീയെത്ര
ധന്യയായ് തീരുന്നിരുട്ടിൻ ശത്രു!

ശിവ ഷിബു എസ്

## അമ്മ





ആര്യ വി എസ്

അമ്മയെന്ന വാക്കിൽ
സർവ്വതും നിറഞ്ഞിരിക്കുന്നു!
സ്നേഹത്തിന്നമൃതുമായി
തഴുകുമെൻെറ അമ്മ!
സ്നേഹപൂമാലയെന്നിൽ
അണിയിക്കുന്നെൻ അമ്മ!

താരാട്ടുപ്പാട്ടിൻെറ താളം
തുടിക്കുന്ന ഹൃദയത്തിലാണെന്നമ്മ!
മണ്ണിലാദ്യമായ് കണ്ടതെന്നമ്മതൻ
പുഞ്ചിരി തൂകുന്ന പാൽമുഖമല്ലോ
ജീവികത്തിലെന്നും വാടാത്ത
പുഷ്പമായ് ഓർമ്മയിലുണ്ടാവണേ!

## കഥകൾ

## ഒരു സായംസന്ധ്യ

ഒരിടത്ത് പണക്കാരനായ രാമു എന്ന ആൾ ഉണ്ടായിരുന്നു. അയാൾ പിശുക്കനായിരുന്നു. അദ്ദേഹത്തിൻെറ വീട് നിറയെ പണവും സ്വർണ്ണക്കട്ടിയും ഉണ്ട്. അയാൾ അഹങ്കാരിയുമായിരുന്നു. ഒരു ദിവസം അയാൾ ഒരു കാർ വാങ്ങി. പക്ഷേ അയാൾ എല്ലാവരെയും കാണിക്കാൻ വേണ്ടിയാണ് അത് വാങ്ങിയത്. അയാൾ ആ കാർ ഉപയോഗിക്കില്ല. കുറെ പേർ ചോദിച്ചു. അദ്ദേഹം കൊടുത്തില്ല. ഒരു ദിവസം അദ്ദേഹം തൻെറ പിതാവിനെ തൻെറ വീട്ടിലേക്ക് വിളിച്ചു. അദ്ദേഹം വീട്ടിൽ വന്നപ്പോൾ അയാൾ അദ്ദേഹത്തിന് നല്ല സൽക്കാരം നൽകി. സന്ധ്യ ആയപ്പോൾ അദ്ദേഹത്തിൻെറ അച്ഛൻ പറഞ്ഞു. നീ ഒരു കല്ല്യാണം കഴിച്ചില്ലെങ്കിൽ നിൻെറ സ്വത്തുക്കൾക്ക് ഒരു അവകാശിയില്ലാതെ നീ മരണപ്പെടും. ഒന്ന് പോ അച്ഛാ, ഒരു അന്ധവിശ്വാസം. ഇല്ല മകനെ. അങ്ങനെയൊന്നും ഇല്ല അച്ഛാ. അടുത്ത ദിവസം ഇയാൾ ആ കാര്യം ആലോചിച്ചു. അയാൾ ഒന്നു പേടിച്ചു. അന്ന് അയാൾ പുറത്തിറങ്ങിയില്ല. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അയാൾ പുറത്തിറങ്ങി. പുറത്ത് നിറച്ച് മാലിന്യങ്ങൾ കണ്ടു. അയാൾക്ക് പുറത്ത് ഇറങ്ങാൻ പറ്റാത്ത അവസ്ഥയായി. അയാൾ അത് വൃത്തിയാക്കാൻ തുടങ്ങി. അങ്ങനെ സന്ധ്യ ആയി. അയാൾ അത് അറിഞ്ഞില്ല. അയാൾ രാവിലെ വരെ വൃത്തിയാക്കി.

അയാൾ കാർ എടുത്ത് പുറത്തിറങ്ങി. കാർ ചീത്തയായിരുന്നു. അദ്ദേഹത്തിന് നല്ല പനിയുണ്ടായിരുന്നു. അദ്ദേഹം എല്ലാവരെയും വിളിച്ചു. സഹായത്തിന് ആരും ഉണ്ടായിരുന്നില്ല. കാരണം ഇദ്ദേഹം മറ്റുള്ളവർക്ക് വേണ്ടി ഒന്നും ചെയ്തിട്ടില്ല. അങ്ങനെ അയാൾ എല്ലാവർക്കും സഹായം ചെയ്യാൻ തുടങ്ങി. അയാളുടെ പിശുക്ക് മാറി. അയാൾ ഒര ു സന്ധ്യാസമയത്ത് കല്ല്യാണം കഴിച്ചു. എല്ലാവർക്കും സന്തോഷമായി. അദ്ദേഹം സന്തോഷത്തോടെ ജീവിച്ചു. ഒരു സന്ധ്യാസമയം അയാളുടെ സ്വത്തുക്കൾ എല്ലാവർക്കുമായി അയാൾ വീതിച്ചു കൊടുത്തു. അയാൾ ഒരു നല്ല മനുഷ്യൻ ആയപ്പോൾ എല്ലാവരും നന്ദി പറഞ്ഞു. ഇനിയും അങ്ങനെ ആകട്ടെ എന്നവർ ആശംസിച്ചു. ആ സന്ധ്യാസമയം അയാളുടെ ജീവിതം മാറ്റിമറിച്ചു. അദ്ദേഹം ദൈവത്തോട് നന്ദി പറഞ്ഞു.

ഹൃദ്യ എസ് എസ്



## കടൽതീരത്ത്

**സുചിത്ര**

മനസ്സിലെ സന്തോഷങ്ങളെല്ലാം അടക്കിപ്പിടിച്ച് ജീവിക്കുന്ന ഒരു കുടഃബം. അവർ പട്ടണത്തിലെ ഫ്ലാറ്റിലാണ് താമസ്സിക്കുന്നത്. അച്ഛന് ജോലിതിരക്കാണ്. അമ്മയും രണ്ട് മക്കളും വീട്ടിൽ തന്നെയാണ്. അവർക്ക് പുറത്തിറങ്ങാനോ കൂട്ടുകാരോടൊത്ത് കളിക്കാനോ സാധിക്കുന്നില്ല. പുറമെയുള്ള കാഴ്ചകൾ നേരിൽ കാണാനും അച്ഛൻെറ കൂടെ ചിരിച്ചും കളിച്ചും സമയം ചിലവഴിക്കാനുമാണ് കുട്ടികളുടെ ഇഷ്ടവും ആഗ്രഹവും. അച്ഛന് എന്ന് അവധി ദിവസം കിട്ടും എന്ന് അവർ അച്ഛനോട് എന്നും ചോദിക്കാറുണ്ട്

ഇളയവൾ ബിയ മൂത്തയാൾ ദിയ. അവർക്ക് പുറത്ത് പോകാനാണ് ഇഷ്ടം. അടഞ്ഞുകിടക്കുന്ന വാതിലുകൾ പോലെ അവരുടെ സന്തോഷങ്ങൾ എല്ലാം അടഞ്ഞാണ് കിടക്കുന്നത്. അങ്ങനെയിരിക്കെ കുറെ ദിവസങ്ങൾ കടന്ന ുപോയി. ദിയയുടെയും ബിയയുടെയും അച്ഛൻെറ പേര് രമേഷ് എന്നാണ്. അദ്ദേഹം തൻെറ ഭാര്യയായ പ്രീതിയെ വിളിച്ചു. പ്രീതി, എനിക്ക് കമ്പനി അവധി തന്നിരിക്കുകയാണ്.പ്രീതി ചോദിച്ചു, എത്ര ദിവസത്തെ അവധിയാണ് ? രമേഷ് പറഞ്ഞു, കുറേ നാളുകൾക്ക് ശേഷമുള്ള അവധിയല്ലേ, ഒരു 25 ദിവസത്തെ അവധിയാണ് . പ്രീതി നീ വിവരം ഇപ്പോൾ കുട്ടികളെ അറിയിക്കേണ്ട. അവർക്ക് ഇതറിയുമ്പോൾ ഉള്ള സന്തോഷം വളരെ വലിയതാണ്. അവൾ ഒരു പുഞ്ചിരിയോടെ തലയാട്ടി.

അങ്ങനെ കുറച്ചു സമയത്തിനു ശേഷം രമേഷ് ദിയേയും ബിയേയും വിളിച്ചു. എന്താണ് കാര്യമെന്നറിയാനുള്ള ആകാംക്ഷയോടെ കുട്ടികൾ ഓടി അടുത്തെത്തി. രമേഷ് പറഞ്ഞു, നമ്മൾ ഒരു ട്രിപ്പ് പോകു കയാണ് മക്കളെ. ബിയമോളും ദിയമോളും അച്ഛനെ കെട്ടിപ്പിടിച്ചു. ബിയമോൾ അച്ഛനോട് ചോദിച്ചു, അച്ഛാ, എത്ര ദിവസത്തെ ട്രിപ്പാണ്? അച്ഛൻ മറുപടി പറഞ്ഞു. 25 ദിവസത്തെ ട്രിപ്പാണ് മോളെ. ദിയമോൾ അച്ഛനോട് ചോദിച്ചു, അച്ഛാ, നമ്മൾ എന്നാണ് പുറപ്പെടുന്നത്? അച്ഛൻ പറഞ്ഞു . നാളെ തന്നെ നമുക്ക് പുറപ്പെടണം.

അവരുടെ നിഷ്കളങ്കമായ മുഖത്തെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. അവരുടെ സന്തോഷം കണ്ട് നിൽക്കുകയാണ് രമേഷും പ്രീതിയും. കുട്ടികൾ തങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ എല്ലാം സന്തോഷത്തോടെ വയ്ക്കുകയാണ്. അവർ ചർച്ചയിലാണ്. എവിടെയാണ് നമ്മൾ പോകുക? സ്വാതന്ത്ര്യം ആസ്വദിക്കാൻ പറ്റിയ മനോഹരമായ ഒരു സ്ഥലത്ത് നമുക്ക് പോകാം? ദിയ പറഞ്ഞു. നമുക്ക് കടപ്പുറത്ത് പോകാം? ബിയ ചോദിച്ചു. അതാകുമ്പോൾ ചേച്ചി പറഞ്ഞതെല്ലാം കിട്ടും. ദിയക്ക് ആ ആശയം വളരെയധികം ഇഷ്ടപ്പെട്ടു. അവർ അത് അമ്മയോടും അച്ഛനോടും പറഞ്ഞു. അവർ അതേപ്പറ്റി ആലോചിച്ചു. പൂർണ്ണമനസ്സോടെ അവർ സമ്മതിച്ചു. അവർ നാളെ വരുന്ന പ്രഭാതത്തെ കാത്ത് കിടന്നുറങ്ങി.

അടുത്ത ദിവസം അവർ യാത്ര തിരിച്ചു. അവർ പറഞ്ഞതുപോലെ തന്നെ അവരെ കടപ്പുറത്ത് കൊണ്ടുപോയി. അതുവരെ മനസ്സിൽ അടക്കിപ്പിടിച്ചുവച്ചിരുന്ന അവരുടെ സന്തോഷം ആ നിമിഷം പുറത്തു വന്നു. അവരുടെ മു ഖത്തു വിടർന്ന നിഷ്കളങ്കതയുടെ ആ പുഞ്ചിരി കണ്ട് സന്തോഷിക്കുകയാണ് ആ
അച്ഛനും അമ്മയും.

പ്രീതി രമേഷിനോടായി പറഞ്ഞു, നമുക്ക് വേണ്ടി, നമ്മുടെ മക്കൾക്ക് വേണ്ടി, മക്കളുടെ സന്തോഷത്തിനുവേണ്ടി ഇവിടെ എവിടെയെങ്കിലും കുട്ടികൾക്ക് സന്തോഷം കിട്ടുന്ന സ്ഥലത്തേക്ക് നമുക്ക് താമസിക്കാം. പ്രീതി, കുറച്ചു ദിവസങ്ങൾക്കു മുമ്പ് ജോലി ചെയ്യുന്ന കമ്പനിയിലെ മാനേജർ എന്റെ സ്ഥലം മാറ്റത്തെ പ്പറ്റി പറഞ്ഞു. എനിക്ക് ഇഷ്ടപ്പെട്ട സൗകര്യപ്രദമായ ഒരു സ്ഥലത്തേക്ക് ബിസിനസ് നോക്കാൻ പറഞ്ഞു.
രമേഷ് പുഞ്ചിരിയോടുകൂടി പ്രീതിയോടും മക്കളോടും പറഞ്ഞു, നമുക്കിനി ഇവിടെ താമസിക്കാം. ഇവിടെ അടു ത്തായി ഒരു വീടു കിട്ടിയിട്ടുണ്ട്. മാനേജർ എനിക്ക് സ്ഥലം മാറ്റം തന്നു. ഭാര്യയുടെയും, കുട്ടികളുടെയും മുഖത്ത് ഇതിനുമുമ്പ് ഇങ്ങനെയൊരു സന്തോഷം രമേഷ് കണ്ടിട്ടില്ല. അവരുടെ ജീവിതത്തിൽ അവർ ആഗ്രഹിച്ച ആ സന്തോഷം അങ്ങനെ അവർക്ക് വന്നു ചേർന്നു. അവരുടെ കടൽതീരം എന്നും അവർക്ക് കാണാം, ആസ്വദിക്കാം, കളിക്കാം. ആ കടൽതീരത്തെ കാഴ്ചകൾ അവരെ ഏറെ സന്തോഷിപ്പിച്ചു.

## ഒരു പെൺകുട്ടി

ഒരു ഗ്രാമത്തിൽ സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്ന കുടുംബത്തിൽ ഒരു പെൺകുട്ടി ഉണ്ടായിരുന്ന ു. അവൾക്ക് ഒരു നായ്കുട്ടിയും ഉണ്ട്. അവൾ വലിയൊരു സ്കൂളിലാണ് പഠിക്കുന്നത്.
സ്കൂൾ ബസിലാണ് അവൾ സ്കൂളിൽ പോകുന്നത്. അവളുടെ നായ്കുട്ടിയെ വീടിനകത്ത് കയറാൻ അവളുടെ അച്ഛനമ്മമാർ സമ്മതിക്കില്ല. അവളുടെ പേര് പ്രിയ. ഒരിക്കൽ അവളുടെ കൂട്ടുകാരി ആവണി അവളോട് കുറച്ച് എന്തെങ്കിലും കഴിക്കാൻ തരുമോ എന്ന് ചോദിച്ചു. പ്രീയ പറഞ്ഞു, അതിനെന്താ ഞാൻ നിന്റെ കൂട്ടുകാരിയല്ലേ. ഇതാ ഇന്നു ഞാൻ പൂരിയും കടലക്കറിയുമാണ് കൊണ്ടു വന്നത്. ആവണി പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്. ഒരിക്കൽ പ്രിയ മൊബൈൽ ഫോണിൽ ഒരു ചിത്രം കണ്ടു. ആ ചിത്രം നേരിട്ട് കാണണമെന്ന് അവൾക്ക് വലിയ ഒര ു ആഗ്രഹമുണ്ടായി. അവൾ കുറേ ദൂരെയുള്ള കൂട്ടുകാരിയായ ആവണിയുടെ വീട്ടിലേക്ക് നടന്നെത്തി. വീട്ടിൽ ആരും ഇല്ലാത്ത തക്കം നോക്കിയാണ് പ്രിയ വീടിന് പുറത്ത് ഇറങ്ങിയത്. പ്രിയ

പുറത്തിറങ്ങിയ സമയത്ത് കുറേ മരങ്ങളെയും, ചെടികളെയും, പക്ഷികളെയും കണ്ടു. ആവണി, നീ ഇങ്ങോട്ട് പുറത്തേക്ക് വരൂ. രണ്ടു പേരും പുറത്തിറങ്ങി നടക്കാൻ തുടങ്ങി. വഴിയിൽ വച്ച് ചിത്രശലഭങ്ങളെയും, പൂക്കളെയും, ചെടികളെയും കണ്ടു. അങ്ങനെ അവർ രണ്ടു പേരും നടന്നുനടന്ന് ഒരു പുഴക്കരയിലെത്തി. അവിടെ പ്രിയ കണ്ട കാഴ്ച അവൾ മൊബൈൽഫോണിൽ കണ്ട ആ ചിത്രം പോലെ തന്നെ ഉണ്ടായിരുന്നു.

അവൾ കണ്ടത് ഒരു സന്ധ്യാസമയ കാഴ്ചയായിരുന്നു. മലകളും, ഒരു വലിയ പുഴയും, ഒരുപാട് മരങ്ങളും, ചെടികളിൽ പൂക്കളും, നിറയെ പക്ഷികൾ ആകാശത്ത് പറക്കുന്നതും, കത്തിജ്വലിക്കുന്ന സൂര്യൻെറ ജ്വലനം കുറയുകയും, സൂര്യൻ താഴുകയും ചെയ്യുന്നതായാണ് അവൾ കണ്ടത്. അവൾ ജീവിതത്തിൽ ഇതു വരെ കാണാത്ത ഒരു കാഴ്ചയായിരുന്നു അത്. ആവണി, ഞാൻ വേഗം വീട്ടിലേക്ക് ചെന്നില്ലേൽ അമ്മയും അച്ഛനും എന്നെ തല്ലും. എന്നാൽ ശരി ഞാൻ പോകട്ടെ? രണ്ട് ദിവസങ്ങൾക്ക് ശേഷം, പ്രിയ വീണ്ടും വീട് വിട്ട് സന്ധ്യാനേരം ആവണിയുടെ വീട്ടിൽ പോയി. അന്നും രണ്ട് പേരും ഒരുമിച്ച് നടക്കാൻ തുടങ്ങി. മുമ്പ് കണ്ടതിനേക്കാൾ മനോഹരമായ കാഴ്ചയാണ് അവൾ അന്ന് കണ്ടത്. ഭംഗിയുള്ള പല നിറത്തിലുള്ള ചിത്രശലഭങ്ങൾ, പൂക്കൾ, പക്ഷികൾ എന്നിവയെ കണ്ടു. ആകാശത്തേക്ക് നോക്കിയപ്പോൾ കടും നീല നിറത്തിലായിരുന്നു ആകാശം. കുറച്ചു ദൂരം നടന്നപ്പോൾ മഞ്ഞനിറം നീലയിൽ കലർന്നതുപോലെ തോന്നി. കത്തിജ്വലിക്കുന്ന സൂര്യൻെറ ജ്വലനം കുറഞ്ഞും കൂടിയും നിൽക്കുന്നു. അന്ന് കണ്ട കാഴ്ച ആർക്കും നോക്കിയിരിക്കാൻ തോന്നിപ്പോകും എന്ന് പ്രിയ പറഞ്ഞു. പുഴയുടെ കളകള ശബ്ദവും,

അതിലൂടെ നീന്തിതുടിക്കുന്ന മീനുകളും, വെള്ളത്തിനു പുറത്ത് പൊങ്ങി കിടക്കുന്ന താമരകൾ അതും വെള്ളത്താമരകൾ. നേരം കുറേ ആയി, പ്രിയ പേടിച്ചു പറഞ്ഞു. ആവണി, എനിക്കു പോകുവാൻ സമയമായി. പ്രിയ വീട്ടിലേക്ക് ഓടിപ്പോയി

പ്രിയ വീട്ടിൽ എത്തിയതും അവളുടെ അച്ഛനും അമ്മയും അവിടെ എത്തി. അവളോട് അച്ഛനും അമ്മയും ചോദിച്ചു. നീ എങ്ങോട്ടാണ് പോയത്? പ്രിയ പറഞ്ഞു, ഞാൻ എൻെറ കൂട്ടുകാരി ആവണിയുടെ വീട്ടിൽ പോയതാണ്. എന്തുകൊണ്ടാണ് നീ ഞങ്ങളോട് പറയാതെ പോയത്? അച്ഛൻ ചോദിച്ചു. നിങ്ങൾ തല്ലും എന്ന് പേടിച്ചു. നാളെ നിന്നെ ഞങ്ങൾ സന്ധ്യാസമയം കാണിച്ചുതരാൻ കൊണ്ടു പോകാം, പ്രിയയ്ക്ക് സന്തോഷമായി.

ദേവിക വി എ എസ്



## ദൈവത്തിൻെറ കൈത്താങ്ങ്

**അജയ് ജെ എസ്**

ഒരു ഗ്രാമത്തിൽ ലക്ഷ്മി എന്ന ഒരു കുട്ടിയുണ്ടായിരുന്നു. അവളുടെ കുട്ടിക്കാലത്ത് ബാധിച്ച ഒരു പനി അവളുടെ കാഴ്ച അപഹരിച്ചു. അച്ഛനും അമ്മയും അവളും അടങ്ങുന്ന ഒരു കൊച്ചു കുടുഃബം ആയിരുന്നു അവളുടേത്. അച്ഛൻ കൂലിപ്പണി ചെയ്ത് കിട്ടുന്ന തുച്ഛമായ വരുമാനത്തിലാണ് അവർ കഴിഞ്ഞിരുന്നത്. ഒരു ദിവസം പണി

ഇല്ലെങ്കിൽ പട്ടിണി തന്നെ. വീടിന് അടുത്തുള്ള അന്ധവിദ്യാലയത്തിലാണ് അവൾ പഠിച്ചിരുന്നത്. അവിടെ അവൾക്ക് പിന്തുണയുമായി അധ്യാപകരും അവളെ പോലെ കാഴ്ച പരിമിതിയുള്ള കുട്ടികളും ഉണ്ടായിരുന്നു. എങ്കിലും മകളുടെ വൈകല്യം അവരെ വേദനിപ്പിച്ചു കൊണ്ടിരുന്നു. അയൽപക്കത്തെ വീട്ടിൽ ആ പരിസരത്തെ ക ുട്ടികൾ കളിക്കാൻ ഒത്തു കൂടുമ്പോഴും ആരു ലക്ഷ്മിയെ വിളിക്കാറില്ലായിരുന്നു. കാഴ്ചപരിമിതിയായിരുന്നു ഈ അവഗണനയ്ക്ക് കാരണം. അതുകൊണ്ട് തന്നെ അവധിദിവസങ്ങളിൽ തൻെറ വൈകല്യത്തെ ശപിച്ചുകൊണ്ട് അവൾ വീട്ടിൽ ഒതുങ്ങികൂടുമായിരുന്നു. കാഴ്ചശക്തി എടുത്ത ദൈവം അവൾക്ക് പാട്ടു പാടാനുള്ള കഴിവ് നൽകി. സംഗീതത്തിലൂടെ അവൾ തൻെറ ദുഃഖത്തെ മറന്നു. നല്ല ഒരു ഗുരുവിൻെറ കീഴിൽ സംഗീതം പഠിക്കാൻ അവൾ ആഗ്രഹിച്ചിരുന്നു. പാട്ട് പഠിക്കാനുള്ള മോഹം അവൾ മനസ്സിൽ ഒതുക്കി കഴിഞ്ഞുകൂടി.

ഒരു നാൾ സ്കൂളിലെ യുവജനോത്സവത്തിന് ലക്ഷ്മി മനോഹരമായ ഗാനം ആലപിച്ചു. ആ ഗാനം ശ്രോതാക്കളു ടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി. ആ ഗാനം ധാരാളം ആരാധകരെ സൃഷ്ടിച്ചു. അവളുടെ ഗാനം കേട്ട ക്ലാസ് ടീച്ചർ അവളുടെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. പഠിക്കാൻ മിടുക്കിയായ ആ കൊച്ചു

സുന്ദരിയുടെ കദനകഥ കേട്ട ടീച്ചർ അവൾക്ക് പാട്ട് പഠിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കി നൽകി. അവൾ നിരവധി സദസ്സുകളിൽ ഗാനം ആലപിക്കുകയും ആരാധകരെ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെ അവൾ അറിയപ്പെടുന്ന ഗായിക ആയി മാറി. പരിശ്രമിക്കാനുള്ള മനസ്സ് ഉണ്ടെങ്കിൽ ഏത് പരിമിതികളെയും മറികടക്കാൻ സാധിക്കും. എല്ലാം തികഞ്ഞവർ ആരുമില്ല. ഈ കഥയിലെ ടീച്ചറെപ്പോലെ ദൈവദൂതനായി ആരെങ്കിലും നമ്മെ സഹായിക്കാൻ എത്തും എന്ന് ഈ കഥ പഠിപ്പിക്കുന്നു.



**അമൃതാ സതീഷ് എസ്**

## അമ്മയെ തേടി

എവിടെയാ എൻെറ അമ്മ, സ്കൂൾ വിടുമ്പോൾ വിളിക്കാൻ വരാം എന്ന് പറഞ്ഞതല്ലേ? മിന്നുമോളുടെ ചിന്തകൾ പെരുകുന്നു. നേരം സന്ധ്യയായി. മഴ പെയ്തു തോർന്ന മാനം വീണ്ടും കറുക്കാൻ തുടങ്ങി. മിന്നുമോളുടെ ജീവിതം അമ്മയുടെ തണലിലാണ്. അമ്മ മാത്രമാണ് അവൾക്ക് ഉള്ളത്. അമ്മയും അവളും മാത്രമാണ് അവളുടെ ലോകം. അവളുടെ അച്ഛൻ തികച്ചും ലഹരിക്കടിമയാണ്. എല്ലാം സഹിച്ചിരുന്ന ആ അമ്മയ്ക്ക് തൻെറ മകളുടെ അടുത്ത് അയാൾ അപമര്യാദയോടെ പെരുമാറിയപ്പോഴാണ് അയാളെ ആ അമ്മയ്ക്ക് ഉപേക്ഷിക്കേണ്ടി വന്നത്. കാവിലെ വേലയ്ക്ക് പോകുമ്പോൾ അമ്മ അവൾക്ക് കരിവള വാങ്ങികോടുക്കും. തൻെറ പ്രാരാബ്ധങ്ങളുടെ ഇടയിലും തൻെറ മകളുടെ കുഞ്ഞു സന്തോഷങ്ങൾ ആ അമ്മ ശ്രദ്ധിച്ചിരുന്നു. സ്കൂളിലെ പാട്ട് മത്സരത്തിന് അവൾക്കാണ് ഒന്നാം സ്ഥാനം. ഈ വിവരം അമ്മയോട് പറയാനുള്ള തിടുക്കത്തിലാണ് അവൾ. വഴിയരുകിൽ കണ്ണും നട്ട്

കാത്തിരുന്നു. അപ്പോൾ അവളുടെ വീടിനടുത്തുള്ള രാജേഷ് മാമൻ വരുന്നത് അവൾ കണ്ടത്. അവൾ അയാളുടെ അടുത്ത് ചോദിച്ചു. മാമാ, അമ്മ എവിടെ? ഏതോ വലിയ സങ്കടം പേറി നിന്ന ആ കണ്ണുകളിൽ നിന്നും കണ്ണീർ പൊടിഞ്ഞു. അയാൾ പറഞ്ഞു, മോൾ വാ, നമുക്ക് വീട്ടിൽ പോവാം. അയാൾ നിർബന്ധിച്ച് അവളെ കൊണ്ടു പോയി. പോകുന്ന വഴിയിൽ അവൾ അയാളോട് ഓരോ കാര്യങ്ങൾ ചോദിച്ചു. അയാൾ ഉത്തരം പറഞ്ഞില്ല. വീട്ടിൽ എത്തിയപ്പോൾ നിറയെ ആളുകളും അവരുടെ ശബ്ദവും. അകത്ത് വെറും നിലത്ത് അമ്മ ഉറങ്ങുന്നു. അവൾ വിളിച്ചു. അമ്മേ.....അമ്മേ......ആ അമ്മ ഉണർന്നില്ല.

## സന്ധ്യാസമയത്തെ വെറുത്തവൾ

പാവപ്പെട്ട വീട്ടിലെ കുട്ടിയാണ് മായ. അവൾക്ക് ഒരു അനുജനുണ്ട് . ഒരു അമ്മയും. അങ്ങനെയിരിക്കെ ഒരു ദിവസം മായയുടെ അമ്മയും അനുജനും യാത്ര ചെയ്തുകൊണ്ടിരുന്ന ബോട്ട് മറിഞ്ഞ് അവർ ഇരുവരും മരിച്ചു. മായയുടെ അച്ഛൻ മുഴു കുടിയനാണ്. പിന്നെ അങ്ങോട്ടുള്ള അവളുടെ ജീവിതം കഷ്ടത്തിലായി. അവളുടെ അച്ഛൻ സന്ധ്യാസമയത്ത് കുടിച്ച് ബോധമില്ലാതെ വന്ന് അവളെ ഉപദ്രവിക്കും.

അങ്ങനെയിരിക്കെ അവളുടെ വീടിൻെറ അടുത്തുള്ള പള്ളിയിൽ വി ബി എസ് നടക്കുകയായിരുന്നു. അവൾക്ക് അതിൽ പങ്കെടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ അവൾക്ക് അതിന് പങ്കെടു ക്കാൻ കഴിയില്ലെന്ന് അറിയാം. അടുത്ത ദിവസങ്ങളിൽ അവൾ വി ബി എസ് നടന്നു കൊണ്ടിരുന്ന പള്ളിയിലെ ജനാലയിൽ കൂടി ഡാൻസും പാട്ടുമൊക്കെ കണ്ടു രസിച്ചുകൊണ്ടിരിക്കവേ വി ബി എസ് നടത്തികൊണ്ടിരുന്ന അധ്യാപകൻ അവളെ കണ്ടു. അദ്ദേഹം അവളുടെ അടുത്ത് ചെന്ന് എന്തുകൊണ്ട് പങ്കെടുക്കുന്നില്ലായെന്നും, എന്താണ് ഈ ഉടുപ്പ് ഇട്ടിരിക്കുന്നതെന്നും അന്വേഷിച്ചു. അപ്പോൾ അവൾ എനിക്ക് ധരിക്കുവാനായി നല്ല വസ് ത്രമൊന്നുമില്ലായെന്നും, എനിക്ക് അമ്മയില്ലാത്തത് കൊണ്ട് ആരും എന്നെ ഉള്ളിലേക്ക് പ്രവേശിപ്പില്ലായെന്നും പറഞ്ഞു.

അദ്ദേഹം അവൾക്ക് നല്ല ഒരു പട്ടു പാവാട സമ്മാനിച്ചു കൊണ്ട് പറഞ്ഞു, നീ ഉറപ്പായും നാളെ പങ്കെടുക്കണം എന്ന്. സന്തോഷത്തോടെ അവൾ വീട്ടിലേക്ക് ഓടിപ്പോയി. അടുത്ത ദിവസം പള്ളിയിൽ പോകാനായി ഇറങ്ങിയ അവളെ അവളുടെ അച്ഛൻ മുടിയിൽ പിടിച്ച് വലിച്ച് നിലത്തുരച്ച് അവളുടെ തലയെകൊണ്ട് ചുമരിലിടിച്ച് അയാൾ പറഞ്ഞു, ഇനി മേലിൽ നീ പുതിയ ഉടുപ്പ് ധരിക്കാനോ, ഒരു സ്ഥലത്തും പോകാനോ പാടില്ലായെന്ന്. അവൾ വിഷമം കൊണ്ട് അലറിവിളിച്ചു. ഒരാൾ പോലും അത് കേട്ട് തിരിഞ്ഞു നോക്കിയില്ല.

അവൾക്ക് സന്ധ്യയാകുന്നത് വളരെ ഭയമാണ്. അവളുടെ അച്ഛൻ വീട്ടിൽ വന്ന് അവളെ ഉപദ്രവിക്കും. ആ ദിവസങ്ങളിൽ അവൾ പള്ളിയിൽ പോയില്ലായെങ്കിലും ആ ഡയറക്ടറെ അവൾ ഇടയ്ക്കിടയ്ക്ക് കാണാറുണ്ട്. അങ്ങനെ അദ്ദേഹം അവളുടെ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. അവൾ അയാളോട് പറഞ്ഞു, എനിക്ക് സന്ധ്യാസമയത്തെ വെറുപ്പാണ്. ആറുമാസങ്ങൾക്കു ശേഷം അവർ ഒരു സ്ഥലത്തു വച്ച് കണ്ടുമുട്ടി. അപ്പോൾ അവൾ അദ്ദേഹത്തിനോട്, ഞാൻ എൻെറ അച്ഛനെ ഒരു പാട് സ്നേഹിച്ചിരുന്നു. പക്ഷേ അച്ഛനും എന്നെ വിട്ടു പോയി എന്നു പറഞ്ഞു.

അറിയാതെ തന്നെ അദ്ദേഹത്തിൻെറ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം എവിടെ ചെന്നിരുന്നാലും അവളെ കുറിച്ചുള്ള ചിന്ത അദ്ദേഹത്തെ അലട്ടുവാൻ തുടങ്ങി. അദ്ദേഹം ഒരു തീരുമാനമെടുത്തു. അവളെ ഹോസ്റ്റലിൽ നിർത്തി

പഠിപ്പിച്ചു വലുതാക്കുമെന്ന്. അങ്ങനെ അദ്ദേഹം അവളെ ഹോസ്റ്റലിൽ നിർത്തി പഠിപ്പിക്കാനായി തുടങ്ങി. പക്ഷേ, അവിടെയും നിരാശ അവളെ തളർത്തി. കൂടെ താമസിക്കുന്ന കുട്ടി അവളെ ഭീഷണിപ്പെടുത്തി പല ജോലികളും ചെയ്യിപ്പിക്കും. സ്കൂൾ വിട്ടു വന്നതിനു ശേഷമാണ് ഇത് ചെയ്യിപ്പിക്കുന്നത്. അങ്ങനെ അവൾ സന്ധ്യാസമയത്തെ മുഴുവനായി വെറുത്തു. അവസാനം അവൾ ഇനി ആ ഹോസ്റ്റലിൽ നിന്ന് പഠിക്കണ്ട

എന്ന ഉറച്ചതീരുമാനമെടുത്ത് അവിടെ നിന്നും ഇറങ്ങി. അങ്ങനെ അവൾ ആ പ്രതിസന്ധി അതിജീവിച്ചു. 12 വർഷങ്ങൾ കടന്നുപോയി. ഇപ്പോൾ അവൾ ഒരു ഐ എ എസ് ഓഫീസറാണ്. ആറക്ക ശമ്പളമുള്ള ഉദ്യോഗസ്ഥ

**യാത്രാവിവരണം**

അൻസ ഡി സന്തോഷ്

## രാമേശ്വരത്തേയ്ക്ക് ഒരു യാത്ര

ഇത്തവണ വേനൽ അവധിക്കാലത്തെ മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു തമിഴ്നാട്ടിലെ രാമശ്വരത്തേക്കുള്ള യാത്ര. നല്ല ചുട്ടുപൊള്ളുന്ന വെയിലിൽ കുളിർമയേകുന്ന ഒരു അന്തരീക്ഷമായിരുന്നു അത്. മെയ് മാസത്തെ അവസാന വെള്ളിയാഴ്ച്ച ആയിരുന്നു ഞാനും അമ്മയും അച്ഛനും ബന്ധുക്കൾ എല്ലാപേരും ചേർന്ന് ഉല്ലാസയാത്ര പോയത്. രാവിലെ 11 മണിയായപ്പോഴേക്കും ഞങ്ങൾ അവിടെ എത്തിയിരുന്നു. രാമേശ്വരത്തെ പ്രധാന ആകർഷണം പാമ്പൻ പാലമാണ്. ഇന്ത്യയുടെ തെക്കെ അറ്റത്ത് ഉള്ളതും ഒരു കാലത്ത് വലിയ തുറമുഖവുമായിരുന്ന ധനുഷ്കോടിയെ ഇന്ത്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത് പാമ്പൻ പാലമാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കടൽ പാലം ഇതാണ് എന്നാണ് അവിടെ ഉള്ളവർ പറയുന്നത് കേട്ടത്. ഇവിടെ നിന്ന് നോക്കിയാൽ ശ്രീലങ്ക കാണാൻ കഴിയും. 29 കിലോമീറ്റർ ആണ് ശ്രീലങ്കയിലേക്കുള്ള ദൂരം. പിന്നെ ഞങ്ങൾ പോയത് അബ്ദുൾ കലാം ഹൗസിലേക്കാണ്. മെഴുക് കൊണ്ടുള്ള പ്രതിമകളെ കണ്ടു. വളരെ വിശാലമായ റോഡും ഒരുപാട് കൃഷിസ്ഥലങ്ങളും കണ്ടു. ധാരാളം പച്ചപ്പുള്ള പ്രദേശമാണ്. അതിമനോഹരമായ കാഴ്ച. പിന്നെ ഞങ്ങൾ പോയത് മധുരയിലേക്കാണ്. അവിടെ വലിയ ഒരു മല കയറാൻ സാധിച്ചു. പിന്നെ ബീച്ചിൽ പോയപ്പോൾ കുറെ ആളുകൾ മീൻ പിടിക്കാനായി തോണിയിൽ പോകുന്നത് കാണാനായി. പിന്നെ ഞങ്ങൾ രാത്രിയായപ്പോൾ റൂമെടുത്തു. അവിടെ നിന്നും പിറ്റേ ദിവസം വീണ്ടും കുറേ കാഴ്ചകൾ കണ്ട് ഞങ്ങൾ മടങ്ങാൻ തീരുമാനിച്ചു. എല്ലാ കാഴ്ചകളും ഞങ്ങൾ ഫോണിൽ വീഡിയോ ആയി പകർത്തി. വളരെ കൗതുകം നിറഞ്ഞ കാഴ്ചയായിരുന്നു ഈ യാത്ര എനിക്ക് സമ്മാനിച്ചത്.

പൂജാ കൃഷ്ണ എസ് പി

## മാതൃഭാഷയുടെ മഹത്വം




മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്

വള്ളത്തോളിൻെറ മാതൃഭാഷയുടെ മഹത്വം വ്യക്തമാക്കുന്ന വരികളാണിത്. **റിമ പി ആർ**

മാതൃഭാഷ പെറ്റമയ്ക്ക് തുല്യമാണ്. മധുരമൂറുന്ന മലയാളത്തെക്കുറിച്ച് പറഞ്ഞാലും പറഞ്ഞാലും തീരുകയില്ല. മലയാളം അറിയുന്നവർക്ക് മറ്റ് ഭാഷകൾ പെട്ടെന്ന് പഠിക്കാൻ സാധിക്കും. നമ്മുടെ സർഗാത്മക കഴിവുകൾ പുറത്ത് വരുന്നത് മാതൃഭാഷയിലൂടെയാണ്. നമ്മുടെ ചിന്തകളും ആശയങ്ങളും പ്രകടിപ്പിക്കാൻ മാതൃഭാഷ സഹായിക്കുന്നു.

കേരളം മാറുന്നതിനനുസരിച്ച് മാതൃഭാഷയോടുള്ള സ്നേഹവും മാറുന്നു. മാതൃഭാഷയെ നാം സ്നേഹിക്കണം. പാശ്ചാത്യ സംസ്കാരത്തിൻെറ പുറകെ പോകുന്ന മലയാളികളുമുണ്ട്. കേരളം ഓരോ നിമിഷവും മാറ്റത്തിൻെറ പാതയിലാണ്. അമ്മയുടെ മുലപ്പാലിൻെറ വീര്യമാണ് മാതൃഭാഷയ്ക്കുള്ളത്. മലയാളത്തിൻെറ കീർത്തി ലോകം നിറഞ്ഞു നിൽക്കുന്നു. അനേകം ജനങ്ങളിലൂടെ ലഭിച്ച പുണ്യമാണ് മലയാളിയായുള്ള ജന്മം.



## മരിച്ചിട്ടും മരിക്കാത്ത ചിലർ

**റിനി ബി**

പുറത്ത് നല്ല മഴയും ഇടിവെട്ടും മിന്നലും പുതപ്പിനിടയിലൂടെ തണുപ്പരിച്ച് കയറുന്നു. പുറത്താരോ നടക്കുന്ന ശബ്ദം കേട്ടാണ് ഞാനുണർന്നത്. രാത്രിയായത് കൊണ്ട് നല്ല പേടിയുണ്ട്. എങ്കിലും എൻെറയുള്ളിൽ എവിടെയോ മൂടികിടന്ന ധൈര്യം നുള്ളിപ്പെറുക്കി മെല്ലെ ജനാലയുടെ വിടവിലൂടെ ഞാൻ നോക്കി. രജനിയുടെ മാറിൽ നിന്നുതിരുന്ന ആ നിലാവിനെ തട്ടി തഴഞ്ഞോടുന്ന ആആ നിഴൽ രൂപമെൻെറ മുന്നിലുണ്ട്.
ആരാണെന്നോ, എവിടേയ്ക്കാണെന്നോ എനിക്കറിയില്ല. മനസ്സിൽ കൂട്ടിവച്ചിരുന്ന ധൈര്യം മുഴുവനും ചോർന്നു കഴിഞ്ഞു. പിന്നെ നിന്നില്ല. ജനൽ പാളി വലിച്ചുപൂട്ടി. പുതപ്പിനടിയിൽ പരമാവധി ചുരുണ്ട് കൂടി ഞാൻ കിടന്നു. രണ്ടാമത് കണ്ണ് തുറന്നത് ഉഷസ്സിൻെറ പൂഞ്ചേലയെ തഴുകി എത്തിയ പ്രകാശകിരണം എൻെറ മുഖത്തെ ആവരണം ചെയ്തപ്പോഴാണ് പുറത്തിറങ്ങി രാത്രിയിലെ മഴയ്ക്കു ശേഷമുള്ള ജലകണികകളെ വലിച്ചെടുക്കാനുള്ള തത്രപ്പാടിലാണ് സൂര്യൻ. തളിരിലയിൽ നിന്നിറ്റുവീഴുന്ന ആ മഞ്ഞുതുള്ളിയെ നോക്കി ഞാനിരുന്നു. മാഞ്ഞിട്ടില്ല, കല്ലിൽ കൊത്തി വച്ച വാക്യം പോലെ ഇന്നലെ കണ്ട ആ രൂപം എൻെറ മനസ്സിലുണ്ട്.
ആദ്യമായിട്ടാണ് ഞാൻ രാത്രിയിലെ ഇരുട്ടിനെ ഭയക്കുന്നത്. എൻെറ കണ്ണുകളിൽ പേടിയുടെ ലക്ഷണങ്ങൾ മിന്നി മറഞ്ഞുകൊണ്ടിരുന്നു. ഇന്ന് സമയം പോയതുപോലും ഞാനറിഞ്ഞില്ല. ഘടികാരത്തിൻെറ സൂചി മെല്ലെ നീങ്ങികൊണ്ടിരുന്നു. ക്ലോക്കിലെ ടിക് ടിക് ശബ്ദം എൻെറ ഹൃദയമിടിപ്പ് കൂട്ടി. ഇത്തവണ വീട്ടിനുള്ളിലെയും പുറത്തേയും വാതിലും ജന്നലും ഞാൻ പൂട്ടി.
നാലുചുമരുകൾക്കുള്ളിൽ എൻെറ കാലൊച്ചയുടെയും, ശ്വാസത്തിൻെറയുമ ശബ്ദം എൻെറ കാതിൽ മുഴങ്ങുന്നു. സമയം പന്ത്രണ്ട് മണി. മഴയുടെ പുതുമണം പരത്തിയ മണ്ണിൽ കാലമർത്തി. വീണ്ടും ആ അപരിചിതൻ എൻെറ വീട്ടുവളപ്പിൽ. ഇത്തവണ ഞാൻ പിന്മാറിയില്ല. കൈയ്യിൽ ഒരിരുമ്പുവടിയുമായ് ഞാനാരൂപത്തെ പിൻതുടർന്നു. എൻെറ ഹൃദയമിടുപ്പ് വീണ്ടും കൂടി. തളരാതെ വീണ്ടും മുന്നോട്ട്.

സർവ്വശക്തിയും കൊണ്ട് ഞാനാ ഇരുമ്പ് വടി അവനു നേരെ വീശി. പെട്ടെന്നാണ് അവൻ തിരിഞ്ഞെന്നെ നോക്കിയത്. എന്റെ കൈയും ഹൃദയമിടുപ്പും ഒരു നിമിഷം നിന്നു. കണ്ണ് ചുവന്നു കലങ്ങി . കൈയിലെ ഇരുമ്പ് വടി എന്റെ കൈയിൽ നിന്ന് വഴുതിയാചെളികുഴിയിലേയ്ക്കമർന്നു.
ആറുവർഷം മുൻപ് ആളൊഴിഞ്ഞ വീട്ടിൽ തൂക്കിയിട്ടിരുന്ന ആ ചിത്രം എന്റെ മനസ്സിലേക്കോടി വന്നു. നിലാവിനെ തട്ടിതടഞ്ഞു വന്ന ആ അപരിചിതൻ അയാളായിരുന്നു. പക്ഷെ ആ മനുഷ്യൻ ആരെന്ന സത്യം എനിക്കു മാത്രമേ അറിയൂ. ആ സത്യം എന്നോടുകൂടെ മണ്ണിലലിഞ്ഞില്ലാതാകും.

## അതിജീവനത്തിന്റെ പുതുവഴികൾ

ചിന്നുവിന്റെയും മിന്നുവിന്റെയും പൂന്തോട്ടത്തിൽ മനോഹരമായ രണ്ട് റോസാച്ചെടികളുണ്ടായിരുന്നു. അവരുടെ ഇടയിൽ ഒരു ജമന്തിച്ചെടി വളരുന്നുണ്ടായിരുന്നു. റോസകൾക്ക് ജമന്തിച്ചെടിയെ ഇഷ്ടമില്ലായിരുന്നു. ഒരു റോസ പറഞ്ഞു നമുക്കാ ജമന്തിയുടെ തണ്ടുകളും തളിരുകളും മുറിച്ചുകളയാം. ശരിയാണ് നമുക്കങ്ങനെ ചെയ്യാം. ഇരുവരും ജമന്തിയുടെ തണ്ടും തളിരും മറ്റും അവരുടെ കൂർത്ത മുള്ളുകൾ കൊണ്ട് മുറിക്കാൻ തുടങ്ങി. ജമന്തി ചോദിച്ചു ഞാൻ എന്തുചെയ്തിട്ടാണ് നിങ്ങളെന്നെ ഇങ്ങനെ ഉപദ്രവിക്കുന്നത്? റോസകൾ പറഞ്ഞു ഞങ്ങൾക്ക് നിന്നെ ഇഷ്ടമില്ല. ഈ സംഭവത്തോടെ ജമന്തിച്ചെടി വാടിക്കരിഞ്ഞു. ദിവസങ്ങൾ കടന്നുപോയി. അങ്ങനെയിരിക്കെ ഒരുദിവസം അവിടുത്തെ തോട്ടക്കാരൻ അവിടേക്ക് വന്നു. പൂവും മറ്റുമില്ലാതെ മുരടിച്ചുനിൽക്കുന്ന റോസകളെ കണ്ട് അയാൾ മറ്റൊന്നും ചിന്തിക്കാതെ റോസകളെ മുറിച്ചു കളഞ്ഞു. അതോടുകൂടി ആ ജമന്തിച്ചെടി പതിയെ മുളയ്ക്കാൻ തുടങ്ങി. ജമന്തിക്ക് വളരെയധികം സന്തോഷമായി. അങ്ങനെ പ്രതീക്ഷയുടെ പുതുനാമ്പ് ജമന്തിയിൽ പൂവിട്ടു.

ശ്രീലക്ഷ്മി

**Poems**

## When I Sit

When I sit in a room, I talk to myself
When I am in school, I love my teachers
I listen to them and their words
When I goes to an open ground
I see the girls playing
The wind around me gently and blowing
When I sit on swing
I want to touch the sky
And in doing so, not be shy
And prove to the world What am I
When I sit in my garden
I saw beautiful butterflies
I tried to catch them
But I lost
If you work hard, you will be successful
Prove to the world who you are

Afiya Robin

## Your Best

If you always try your best
Then you'll never to worry
About what you could have done
If you'd summoned all your thunder

And if your best
Was not as good
As you hoped it would be,
You still could say,
"I gave today
All that I had in me."

Archana S

## Life is Short

Live the life you love
Love the life you live
For it is very short
And can never be bought

Life can be good
Or it can be bad
You've got many things
You wish you never bad

A really nice house
Even a very fine car
Those fancy things in life
Won't get you very far

Life is for enjoyment
Live yours to the fullest
For it is very short
And can never be bought

Striving for big riches
May be a waste of time
Make the best of what you have
While you're still in prime

You've got many things
You wish you never had

Life is made for having
Whether it’s happy or sad

Akshaya Devi E V

## The Rainbow Fairies

Two little clouds, one summer’s day
went flying through the sky;
They went so fast they bumped their
heads, and both began to cry.
Old father Sun looked ot and said:
“Oh, never mind, my dears, I’ll send
my little fairy folk to dry your falling tears

One fairy came in violet, .
And one wore indigo;
In blue, green, yellow, orange,red,
They made a pretty row.
They wiped the cloud – tears all away.
And then from out the sky,
Upon a line the sun beams made,
They hung their gowns to dry

Niya S S

## Under The Harvest Moon

Under The Harvest Moon
When the soft silver
Drips shimmering
Over the garden nights,
Death, the grey mocker,
Comes and whispers to you
As a beautiful friend
who remembers

Under the summer roses
When the fragrant crimson
Lurks in the dusk
of the wild red leaves,
Love, with little hands,

comes and touches you
with a thousand memories,
Beautiful, unanswerable questions

Anjana S B

# A Little Turtle



I am a little turtle
I crawl so slow,
I carry my house
wherever I go
When I get tired
I put in my head,
my legs and my tail
And I go to bed

**Stegy Thadayoos**

# A Brother's Love

In life's journey, a brother departs
A rift in time, tearing two hearts
No longer side by side but entwined in memory
A bond diminished, a bitter sweet reverie.
Yet in the echoes of laughter and shared embrace
His presence lingers, casting a sacred space
Though separate paths led us far and wide
A brother's love forever in our hearts reside

Aadya S S

# La Lerre

After the midnight, in the Bluish moonlight
Diamonds of the sky came down, and
caressed me and picked me up
When I felt something abnormal, I open
my eyes.  I can't even close
my eyes again because of the
view of the adorable glittery stars.
Now I am in the hands, made by many tiny crystals

A man with coat hold in my arms
When he touch my arms, I saw the part of heaven
It was covered with greenery everywhere
I feel guilty when I realize that
the view is not apart of heaven and
Its our actual mother earth before years

Suddenly the place change into yellowish Orange
everywhere , and the man send me back to my bed
But on the way from that place several
drops of clear crystals came out from my eyes
Because of the current situation of our mother earth
When I saw from above, knowing about the fact that,'
we will, the human destroy it
Why God create the unwanted Genre
In the pleasant earth!
What's on the earth is happening now?

Raheema S

## Stories

# The Hidden Secret

On Mars there are three friends known as Zuggi, Wiggu and Dwigu. They are close friends. They shared everything with each other. They like to explore other planet and study about them. But other aliens are trying to hide their personalities from the humans on the earth. The aliens who are living on Mars know about everything in the Universe. At the same time, on earth ther were three friends. Their names are Riya, Anu and Millie. They were really exactly the same as the aliens on Mars. They also shared all the secrets between them.

One day, when aliens went to explore the earth, their spacecraft fuel got over and fell to earth's surface. The spacecraft directly landed on the ground where Riya, Anu and Millie were playing. That is open ground. When the spacecraft landed on ground they look with curiosity. After the aliens came out from the spacecraft, children ran away from there like street dog chasing them. Zuggy told, "Don't run we are your friends. You can just see us as your friend." "Oh, don't run".said Wiggy, "Hey, friends, I think they are friendly." said Millie. The aliens told them all, How their spacecraft fuel got over, their livelihood, their planet, etc. The three became amazed, "mm ok, then we will introduce ourself." said Anu. "Oh no need of it we known you all. Riya, Anu and Millie." said Dwigu, " Oh, how do you known us? that's there. "will you all help us?" "If help us we will take you to our planet to explore" , said Zuggi. " Oh really! What do you need, told Riya,"can you get some fuel for us?" said the aliens. Why not? They gave them fuel and they filled on their spacecraft

Suddenly Tsunami came. The aliens told that was the attack by Tommy the dangerous alien. They took three of them and went to their planet. At that time Millie asked who is Tommy. But they didn't answer. After a few minutes, the sun gets disappeared and the moon came. All the people get confused by seeing that. Suddenly all people became unconcious and go to a long sleep. At that moment the aliens gave them

a suit and mask to not be fall asleep. All the humans including the famous scientist also fell asleep except for Millie, Riya and Anu

After sometime all the people who slept woke up and behave like robots . Seeing all these things Anu, Millie and Riya became feared . At that time also aliens are telling that this is an attack from Tommy's side.

After saying that the aliens took their spacecraft and fly over to the Mars with Millie, Riya and Anu. The three of them asked repeatedly ask who is Tommy? , Where he comes from? Is he very dangerous? etc. But they didn't give reply. Their concentration was on driving by looking at the Universe map and followed the road to their planet Mars. After they reached there was a big fight between Tommy and the three aliens friends . Our alien friends win and they made the earth in normal condition. All were happy. Then the aliens allow exploring Mars for children

Then the aliens drop children to the earth. Then with curiosity, the three children asked the aliens what happened? Suddenly they erase the memory that they had seen the aliens and the war on Mars.

But there was one twist. The human and the earth was controlled by aliens. They control us as if they are playing a game. That's why the aliens knew the childrens names . Also, the aliens were controlled by other creatures.

Hanna J

# Fail to Victory

Rian is a smart and active boy. He was not far behind in his studies. He was a good painter and craftsman. Rian was a good boy who obeyed and respected his father and mother. Rian went to Maths Camp for the first time in his 8$^{th}$ grade. At that camp, he introduced o 'Rubik's cube' for the first time. Although the teacher taught him how to solve the cube at the camp, he didn't understand it. After the camp, he reached home. He is very frustrated because he can't learn to solve 'Rubik's cube'. He tried to solve it everyday. Even in his sleep, his dream was how to solve this cube.

Months passed by and the summer vacation came. The dreaded time of the exam was over. He picked u his Rubick's cube that he kept aside during the exam. He tried to solve the cube for more than three hours a day. Finally, after a month's effort, he solved the cube. So he worked hard and learned to solve the Rubik's cube in 30 seconds. Rian developed an insatiable love for the cube. He started loving puzzles.

So class 9 started. The Maths club organized a Rubike cube competition. He participated in it. He won the first position. Since he won the first position at the school level, the school students participated at the sub district level. He had a brilliant victory there too. But when he went to the district level, he got the second position. However, he didn't give up hope and considered failure as stepping stone to success and competed at the state level. He got the first position

Rian became a point of reference for his class teacher and friends. Rian became a brilliant student who raised the reputation of the school. His class teacher gave him a new puzzle as a prize for his success. The neme of the puzzle was Sudoku. He liked the puzzle very much, but the puzzle was too difficult to solve.

However he tried to solve the puzzle, but he failed. The 9th grade exam started. He put the Sudoku puzzle aside. He forgot Sudoku in the name of exams and studying. But his goal was the summer vacation

He started learning Sudoku over the summer, just as he learned the Rubik's cube, but next year he will be in 10th grade. His mother reminded him that he should start studying early. However, his goal was to solve Sudoku. The first time he failed, but he tried again and again. After a lot of effort, he solved that puzzle too. The satisfaction, Rian got when he solved it was indescribable. He faced many mistakes and problems while trying to solve each puzzle and he handled them all patiently.

Tenth class opened. New academic year. He studied the lessons properly. First Onam exam passed, he failed in all subjects. Father and Mother were angry with him. But he didn't falter in front of that failure and studied with confidence. However, he also failed the christmas exam too. His mother took away the Rubik's cube and Sudoku puzzle that he always carried like his friends, because he was more focussed on this than his studies. The sadness of losing his friends and the sadness of losing the exam bothered him a lot. He did origami on paper to calm his mind and his father got very angry with him and told him to learn

He think that life ended in a moment in front of these reasons. He never gave up hope and held on his confidence and studied again. Rubik's cube competition came again. Parents told him not to participate. So he was waiting for the next exam. SSLC exam came. He studied to the best of his ability. Wrote the exam. The result came. A plus in all subjects. He couldn't believe it. His family and teachers were very happy. He got the result of his efforts. Seeing this, his mother, made him participate in Sudoku competition. He attended. He lost in the first two rounds, but in the next three rounds he was victorious.

That mean,

> If you 'FAIL' never give up, Because 'FAIL' means 'First Attempt In dreaming'.
> 'END' is not the end. In fact 'END' means 'Effort Never Dies'
> If you get 'NO' as an answer, Remember 'NO' means 'Next Opportunity'
> So let's be positive
>
> A P J Abdul Kalam



## വിടപറയും നേരം...........

പാറശ്ശാലയ്ക്ക് സമീപം അയിരയിൽ ദേശത്ത് വൈശാഖിൽ ജനനം. നൂറ്റാണ്ടുകൾക്ക് മുമ്പ് കുടിപള്ളികുടം ആരംഭിച്ച് , പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തെ അക്ഷരത്തിൻെറ അറിവിലേയ്ക്കായി കൈപിടിച്ച് ഉയർത്തി ഇന്ന് അയിര കൃഷ്ണവിലാസം ഹയർസെക്കഡറി സ്കൂളായി വളർന്ന് പന്തലിച്ച സ്ഥാപനവും രണ്ടര ഏക്കർ സ്ഥലവും സർക്കാരിന് സൗജന്യമായി നൽകിയ കുടുഃബം. അച്ഛൻ സാമൂഹികസേവനും രാഷ്ട്രീയവും ജന്മസാഫല്യമായികണ്ട കെ. മാധവൻ നായർ, അധ്യാപികയും ബാലവാടി പ്രവർത്തകയുമായ അമ്മ കെ. സുമതിയമ്മ.

അച്ഛൻെറ മരണം നേരത്തെ ആയതിനാൽ അലക്ഷ്യമായ ജീവിതം ചെറുപ്പത്തിൽ വേട്ടയാടി. പെട്ടെന്നായിരുന്നു ആ മാറ്റം. ജേഷ്ടൻെറ സുഹൃത്ത് വഴി 2003 ൽ നെല്ലിമൂട് ന്യൂ ഹയർസെക്കഡറി സ്കൂളിൽ യു പി

അധ്യാപകനായി ജീവിതം തിരികെപിടിച്ചു. അക്കാദമികവും സ്ഥാപനത്തിൻെറ മികവും രാഷ്ട്രീയത്തിനും സംഘടനാപ്രവർത്തനത്തിനും അതീതമായി കാണുവാൻ പ്രേരിപ്പിച്ച പ്രധമാധ്യാപകർ.
ജീവിതത്തിന് ഒരു കാഴ്ചപ്പാടും അച്ചടക്കവും ഒരുക്കിതന്ന മാനേജ്മെൻറ്. മത്സരബുദ്ധിയോടെ പുതിയ വൈജ്ഞാനികമേഖലയിലേക്ക് കൈതാങ്ങായ സഹപ്രവർത്തകർ സാമൂഹ്യശാസ്ത്ര വിഷയത്തിൽ എസ് ആർ ജി, ഡി ആർ ജി, ആർ പി എന്നീ മേഖലകളിൽ യു പി എച്ച് എസ് തലത്തിൽ പ്രവർത്തിയ്ക്കാൻ സാധിച്ചതിൽ തികഞ്ഞ ചാരിതാർത്ഥ്യം. ജനാധിപത്യത്തിൻെറ മൂല്യങ്ങളിൽ ഉറച്ച് നിന്നുകൊണ്ട് ഇക്കാലമത്രയും വളർത്തി സാമൂഹിക ജീവിതത്തിൽ മാതൃകകളാക്കിയ ഒരു കൂട്ടം വിദ്യാർത്ഥികൾ. ഏവർക്കും നന്ദി മാത്രം.



നെല്ലിമൂടിനടുത്ത് കഴിവൂർ, വാറുവിള അനന്തഭവനിൽ, അനന്തപദ്മനാഭദാസ് സാറിൻെറയും സുജാതടീച്ചറുടെയും മകൾ. 34 വർഷത്തെ സുദീർഘ സേവന ത്തിനുശേഷം നെല്ലിമൂട് ന്യൂ എച്ച് എസ് എസ്സിൽ നിന്ന് പടിയിറങ്ങുകയാണ്. 1990 ൽ ബി എഡ് പഠനം കഴിഞ്ഞപ്പോൾ തന്നെ സർവ്വീസിൽ പ്രവേശിച്ചു. എച്ച് എസ് എ, എച്ച് എസ് എസ് ടി എന്നീ നിലകളിൽ ഉദ്യോഗകയറ്റം. ഇപ്പോൾ ഹയർസെക്കഡറി സോഷ്യോളജി ടീച്ചറായി വിരമിക്കുകയാണ്.
ആദ്യ വർഷങ്ങളിൽ എൻെറ മുന്നിലിരുന്ന വിദ്യർത്ഥികളിൽ പലരുടെയും മക്കളെയും കൂടി പഠിപ്പിക്കാൻ ഇപ്പോൾ എനിക്ക് അവസരം കിട്ടി. 90 കാലഘട്ടത്തിലെ വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച സ്നേഹവും ബഹുമാനവും ഇന്നത്തെ ഡിജിറ്റൽ കാലഘട്ടിലെ വിദ്യാർത്ഥികളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ ഇതൊക്കെ എന്നെ ഓർമ്മിപ്പിക്കാറുണ്ട്. മാനേജ്മെൻറിൽ നിന്നും, ഹെഡ്മാസ്റ്റർ , പ്രിൻസിപ്പൽ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചവരിൽ നിന്നും വളരെ നല്ല സമീപനം എനിക്ക് ലഭിച്ചിട്ടുണ്ട്. ധാരാളം നല്ല അധ്യാപക സുഹൃത്തക്കളോടൊപ്പം ഈ സ്കൂളിലെ സന്തോഷം നിറഞ്ഞ അധ്യയനവർഷങ്ങൾ മറക്കാനാവില്ല. ഈ സ്കൂളിൽ അധ്യാപകനായും ദീർഘകാലം ഹെഡ്മാസ്റ്റർ ആയും സേവനം അനുഷ്ഠിച്ച ശ്രീ. സുനിൽ പ്രഭാനന്ദ ലാൽ ആണ്. ഭർത്താവ്. മക്കൾ- അഞ്ജന എസ് ലാൽ(കേരള ഗ്രാമീൺ ബാങ്ക് അസിസ്റ്റൻറ്), അഭിൻ കൃഷ്ണൻ എസ്(സോഫ്റ്റ്വെർ എഞ്ചിനീയർ) ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ത്ഥികളായിരുന്നു. സ് കൂളിൽ നിന്നും പുറത്തേക്കിറങ്ങുമ്പോൾ ടീച്ചർ എന്ന വിളിയോടെ അടുത്തേക്ക് ഓടി വരുന്ന സമൂഹത്തിൻെറ വിവിധ മേഖലകളിൽ സേവനം അനുഷ്ഠിക്കുന്ന ശിഷ്യഗണങ്ങളാണ് എൻെറ അമൂല്യസ്വത്ത്. ഇതിനപ്പുറം മറ്റൊന്നും നേടുവാനില്ല എന്ന ചാരിതാർത്ഥ്യത്തോടെ ധന്യമായ അധ്യാപനവൃത്തിയിൽ നിന്ന് നന്ദിപൂർവ്വം വിടവാങ്ങുന്നു.





2005 ൽ നെല്ലിമൂട് ന്യൂ എച്ച് എസ് എസ്സിൽ യു പി അധ്യാപികയായി പ്രവേശിച്ചതുമുതൽ 2024 ൽ ഹൈസ്കൂൾ അധ്യാപികയായി പടിയിറങ്ങുന്ന ഇന്നുവരെ കരുതലോടെ എന്നെ കാത്ത ദൈവത്തിന് ഞാൻ നന്ദി  പറയുന്നു. കലാലയത്തിലെ എൻെറ പ്രിയപ്പെട്ട സഹപ്രവർത്തകരോടും മാനേജ്മെൻറിനോടും എൻെറ പ്രയപ്പെട്ട വിദ്യാർത്ഥികളോടുമുള്ള നന്ദിയെ ഞാൻ അറിയിക്കുന്നു.  നെല്ലിമൂട് ന്യൂ എച്ച് എസ് എസ്സിന് നന്മകൾ മാത്രം ആശംസിച്ചുകൊണ്ട്  ഞാൻ വിടപറയട്ടെ.  ഒരിക്കൽകൂടി എൻെറ നന്ദി.










Abhinav
VIII


little
KITEs